KOTTAYAM PUBLIC LIBRARY

ന200
Call No. DAS-S Acc. No. 14098

Author ദാസ്. പി. ജി. എം

Title സദ്യയും സദകളും

14098

# സഭയും സഭകളും

ഒരു ലഘു വീക്ഷണം.

പി. ജി. എം. ദാസ്

Copy Right

ST. JOSEPH'S PRESS,
MANNANAM.

1949.

NATIONAL BOOK STALL * BR. KOTTAYAM * SPCS LTD.

200

കുസുമങ്ങൾ No. 115

Cum Permissu Superiorum.

# സഭയും സഭകളും

## അദ്ധ്യായം 1.

### തന്നാൽ താനായ ദൈവം.

### പിതാവായ ദൈവം.

നമ്മുടെ മുൻപിൽ കാണുന്ന മേശയുടെ സൃഷ്ടികത്താവായ ആശാരിയെ നാം ഭാവനയിൽ ദർശിക്കുന്നു. തടി അറുത്തു മുറിച്ച് ആവശ്യമുള്ള രൂപം കൊടുത്ത് യോജിപ്പിച്ചു മേശയാക്കിത്തീർക്കുന്നതിന് ഒരു കർത്താവുണ്ടായിരിക്കണമെന്ന് ആരും സമ്മതിച്ചേ കഴിയൂ. മേശ ഉണ്ടാക്കാൻ ഉപയോഗിച്ച തടി എങ്ങനെ ഉണ്ടായി? ഒരു കായ് (വിത്തു) വീണു കിളുത്തു മരം ഉണ്ടായി എന്നു പറയുമായിരിക്കും. ആ വിത്തുണ്ടാകാൻ ഒരു മരം; ആ മരം ഉണ്ടാകാൻ ഒരു വിത്ത്; എന്നിങ്ങനെ വളരെ പിറകോട്ടു ചെല്ലുമ്പോൾ, ഒന്നുകിൽ ഒരു വിത്ത്, അല്ലെങ്കിൽ ഒരു മരം, എന്നുള്ള ഏകകേന്ദ്രത്തിൽ നാം ചെന്നെത്താതെ തരമില്ല. അപ്പോഴും മരം ഉണ്ടായിരിക്കാതെ വിത്തു് എവിടെനിന്ന്? എന്നും, വിത്തുണ്ടായിരിക്കാതെ മരം എങ്ങനെ ഉണ്ടാകുന്നുവെന്നും ഉള്ള പ്രശ്നം ഉദിക്കും. ഇവ രണ്ടിൽ ഏതെങ്കിലും ഒന്നുണ്ടായിരിക്കണം. അതെങ്ങനെ ഉണ്ടായി എന്നു ചോദിക്കുമ്പോൾ

"നാമിങ്ങറിയുവതല്പ,— മെല്ലാ—മോമനേ? ദൈവസങ്കല്പം." എന്നുള്ള, മഹാകവി കുമാരനാശാന്റെ സമാധാനം ഓർമ്മയിൽ വന്നേക്കാം. ബൈബിളിൽ 'ഉല്പത്തി'യിൽ ഇക്കാര്യം വ്യക്തമാക്കി പറയുന്നുണ്ട്. 'എല്ലാവിധ ഫലവൃക്ഷങ്ങളുമുണ്ടായി,' എന്ന്. വിത്ത് (കായ്) അല്ല, വൃക്ഷമാണ് ആദ്യം ഉണ്ടായതെന്ന് ഇവിടെ സ്പഷ്ടം ആണല്ലോ! 'ഉണ്ടാകട്ടെ', എന്നു ദൈവം കല്പിച്ചു. എല്ലാം ഉണ്ടായി. ഇങ്ങനെ എല്ലാററിന്റെയും പിൻപിൽ സൃഷ്ടികർത്താവായി ദൈവത്തെ കണ്ടേ മതിയാവൂ. എന്നാൽ ഇന്നത്തെ ചില 'യുക്തിവാദി'കൾക്ക് ഈ പരമാർത്ഥകഥനം അത്ര തൃപ്തികരമല്ല. അവർ അന്വേഷിച്ചു നടക്കുകയാണ്. അന്വേഷണശീലം നല്ലതാണു. എന്നാൽ കണ്ണ് ഇറുക്കി അടച്ചുകൊണ്ടാണ് നടപ്പ്. കണ്ണടച്ചുകൊണ്ടു നടന്നാൽ ഫലം എന്തായിരിക്കും? കാണുകയില്ലെന്നു മാത്രമല്ല, 'തട്ടിമുട്ടി' മറിഞ്ഞു വീഴുകകൂടി ചെയ്യും.

മേശ സ്വയം രൂപം പ്രാപിച്ചതല്ല. അതുപോലെ നാം അന്വേഷിച്ചു പിറകോട്ടു പിറകോട്ടു പോയി കണ്ട വൃക്ഷവംശാവലിയിലെ ആദ്യവൃക്ഷവും, അതുപോലെ നമുക്കു ഗോചരങ്ങളും അഗോചരങ്ങളുമായുള്ള സകലതും വെറുതേയങ്ങുണ്ടായതല്ല. ഇതിന്റെയെല്ലാം സൃഷ്ടികർത്താവായി "തന്നാൽതാനായി, അനാദിയായി, അന്തമില്ലാത്തവനായി, അശരീരിയായി, അളവില്ലാത്ത സകലനന്മസ്വരൂപിയായി, സർവ്വവ്യാപിയായി" ഒരു ശക്തികേന്ദ്രം ദർശിക്കാതെ സാധ്യമല്ല.

ഒരു ശക്തികേന്ദ്രം— അഥവാ— പവ്വർ ഹൗസ്— ഉണ്ടായിരുന്നാൽ ആ ശക്തിമൂലം വിവിധ സാധ്യതകളുള്ള യന്ത്രങ്ങൾ നടത്താൻ കഴിയുന്നു. ഇന്നു വിദ്യുച്ഛക്തി കൊണ്ടുള്ള കഴിവുകൾ സുവിദിതങ്ങളും സുഗ്രാഹ്യങ്ങളും ആണല്ലോ! ഏക ശക്തികേന്ദ്രം നാനാമുഖങ്ങളായ അനുഭവ സാധ്യതകൾക്ക് ഉപകരിക്കുന്നു. ഇതിനെല്ലാം നിദാനമായി ഒരു ശക്തികേന്ദ്രം കൂടിയേ

കഴിയൂ. അതുപോലെ, എല്ലാററിനും ആദികാരണമായി ഒരു 'ശക്തികേന്ദ്രം' ഉണ്ടായിരിക്കണമെന്നു സിദ്ധിക്കുന്നു. ആ ശക്തികേന്ദ്രം തന്നാൽ താനായിരുന്നേ മതിയാവൂ.

സൗരയൂഥം ഉണ്ടായിരുന്നെന്നും, അതിന്റെ ഭ്രമണത്താൽ തെറിച്ചുപോയി, രൂപംപ്രാപിച്ചുണ്ടായതാണ് എല്ലാ ഗ്രഹങ്ങളും നക്ഷത്രജാലങ്ങളും മററും എന്നുള്ള ശാസ്ത്രകാരന്റെ അഭിപ്രായത്തെ സഭ തിരസ്കരിക്കുന്നില്ല. ഉല്പത്തിയെപ്പററിയും മററുമുള്ള വിശദവിവരങ്ങൾ നല്കത്തക്ക വഴിയിലും പുസ്തകങ്ങൾക്കുണ്ടാക്കുക സാധ്യമല്ല. വി. ഗ്രന്ഥങ്ങൾ ആ കാര്യങ്ങൾ ഏററം സംഗ്രഹമായി പ്രസ്താവിച്ചിട്ടുണ്ട്. സൗരയൂഥത്തിന്റെ പിൻപിലും സൃഷ്ടികർത്താവായ സർവ്വശക്തനെ ചൂണ്ടിക്കാണിക്കണമെന്നുള്ളതാണ് വി. ഗ്രന്ഥത്താൽ ഉദ്ദേശിക്കുന്നത്. ആ കാഴ്ചയുടെ മുൻപിൽ കണ്ണടച്ചുകളയുന്നതിലാണ് സഭ കുററപ്പെടുത്തുന്നത്.

പ്രകൃതിയാൽ അന്തർലീനമായിരിക്കുന്ന വിശേഷതകൾ ഒന്നൊന്നായി മനുഷ്യന്റെ അധീനതയിലേക്ക് ഒതുക്കികൊണ്ടിരിക്കുന്നതേയുള്ളുവെന്നു വിനയപൂർവ്വം സമ്മതിക്കാതെ ആർക്കും ഗത്യന്തരമില്ല. ഈ ശക്തിവിശേഷങ്ങളൊക്കെ പ്രകൃതിയിൽ ഉള്ളടക്കം ചെയ്തിരിക്കുന്നു; അവ ക്രമാനുഗതമായി മനുഷ്യഹസ്തങ്ങളിലേക്കു പകർന്നു കൊടുത്തുകൊണ്ടിരിക്കുന്ന— ഒരു അനാദ്യന്തശക്തിയുണ്ടെന്ന് പ്രകൃതിവിശേഷങ്ങളും, സ്വാനുഭവങ്ങളും നിശ്ശബ്ദമായിട്ടാണെങ്കിലും ഏവർക്കും വ്യക്തമായി ശ്രവിക്കുകയും ഗ്രഹിക്കുകയും ചെയ്യത്തക്കവണ്ണം അനുനിമിഷം ഉദ്ഘോഷിച്ചുകൊണ്ടുതന്നെയിരിക്കയാണ്.

അതിബുദ്ധിമാനും സമർത്ഥനും, ഏററം സൂക്ഷ്മദൃക്കുമായ യാവനൊരുവനും പറയട്ടെ, താൻ എത്തിച്ചേരാമെന്ന് നിരൂപിച്ച ലക്ഷ്യത്തിൽ തന്നെ ഇന്ന് എത്തിച്ചേർന്നിട്ടുണ്ടെന്ന്. കടന്നുപോകാമെന്നു കരുതിയ മാർഗ്ഗത്തിൽക്കൂടിത്തന്നെ ഇത്തരം എത്തിയെന്ന്! സത്യം പറയുകയാണെങ്കിൽ,— മനസ്സാക്ഷിക്കനുസരണം മറുപടി പറയ

മെങ്കിൽ,– ഹാ! ആ മനുഷ്യൻ പറയും: "എന്റെ വഴികൾ പലപ്പോഴും തെററിപ്പോയി കടന്നുപോകാമെന്നു ഞാൻ കരുതിയ മാർഗ്ഗത്തിൽ ക്രൂടി വന്നെത്തുവാൻ എനിക്കു കഴിഞ്ഞിട്ടില്ല. ഇന്നു ഞാൻ എത്തിയിരിക്കുനിടത്തു് എത്തണമെന്നായിരുന്നില്ല ഞാൻ ആഗ്രഹിച്ചതു്. വിചാരിച്ചിരുന്നതുപോലെയല്ലാ കടന്നുപോന്നതു്. ഇതെല്ലാം,– ഇന്നോളമുള്ള എല്ലാ അനുഭവങ്ങളും– കേവലം അവിചാര്യതങ്ങൾ. ഞാൻ എന്തൊക്കെയോ ചെയ്തു. എന്തൊക്കെയോ സംഭവിച്ചു. എല്ലാം വെറും വെറും യാദൃച്ഛികങ്ങൾ. ആരോ ഒരാൾ– ഒരു ശക്തി– എല്ലാം നടത്തി. നടത്തുന്നു. നിയന്ത്രിക്കുന്നു. ഞാൻ ഒരു നിർജ്ജീവയന്ത്രം. അദൃശ്യനായ ഒരു ഡ്രൈവർ ജീവചൈതന്യം നല്കി ഈ യന്ത്രത്തെ നടത്തുന്നു,

ലക്ഷ്യത്തിലേക്കു പ്രയാണം ചെയ്യുന്ന തീവണ്ടിയിൽനിന്നും വിവേകരഹിതമായി എടുത്തുചാടിയാലെന്നവിധം, മനോസ്വാതന്ത്ര്യമുള്ള മനുഷ്യൻ ആ സ്വാതന്ത്ര്യത്തെ ദുരുപയോഗിച്ചു് അപത്ഗത്തിൽ പതിച്ചുപോകാമുണ്ടു്. അതിനു ലക്ഷ്യം തെററാത്ത– പാളം തെററാത്ത– വാഹനമോ, നയിക്കുന്ന 'ഡ്രൈവറോ' കുററക്കാരല്ല.

സാമാന്യമായി ഇപ്പറഞ്ഞ സംഗതികളെ അടിസ്ഥാനമാക്കി ചിന്തിക്കുന്നവക്കു് സർവ്വശക്തനായ ദൈവത്തിന്റെ നടത്തിപ്പു വഴിയായിട്ടെങ്കിലും അവിടുത്തെ കാണുവാൻ കഴിയുന്നതാണു്.

ഇതര ജന്തുക്കളെ അപേക്ഷിച്ചു ബുദ്ധിവിശേഷതയാൽ മനുഷ്യൻ പ്രത്യേകവിധം അനുഗ്രഹീതനാകുന്നു. അക്കാരണത്താൽത്തന്നെ, ദൈവത്തിന്റെ ഛായയിലുള്ള അവന്റെ– ആത്മാവിന്റെ– പ്രേരണയാൽ ഉയരത്തിലേക്കു ദൃഷ്ടി ഉയർത്തുവാൻ സ്വാഭാവികമായി അവൻ ആവശ്യക്കാരനാകുന്നു. മനുഷ്യനും ദൈവവുമായുള്ള ബന്ധം അഭേദ്യമാണു്. അതുകൊണ്ടാണു്, എല്ലാക്കാലയളവിലും ജീവിച്ചിരുന്നിട്ടുള്ള ലോകമാകമാനമുള്ള ഏതു

മനുഷ്യവംശത്തിനും ഈശ്വരാരാധന അവശ്യം അവശ്യമായി തോന്നിയിരുന്നതു്. പരിഷ്കൃതനും ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ഈശ്വരാരാധന നടത്തിവന്നു. അതു് അവന്റെ അന്തഃകരണത്തിന്റെ അഹ്വാനം അനുസരിച്ചു മാത്രമാണു്. നന്മതിന്മകളെ വേർതിരിച്ചു കാണിച്ചുകൊടുക്കുന്ന ഒരു ആന്തരീക പ്രേരണ ഏതു പാമരനിലും സ്ഥിതിചെയ്യുന്നുണ്ടു്. ഇതു് അതിശയകരമായ ഒരന്തർ വ്യാപാരമാണു്.

**പിതാവായ ദൈവവും മക്കളായ മനുഷ്യരും.**

സൃഷ്ടികർത്താവായ "ദൈവം പിതാവും മനുഷ്യരെല്ലാം അവിടുത്തെ മക്കളുമാണു്. മനുഷ്യർ അന്യോന്യം സഹോദരങ്ങളാണു്. തന്നെത്താൻ സ്നേഹിക്കുന്നതുപോലെ മറെറല്ലാവരെയും സ്നേഹിക്കണം." ശ്രീയേശുക്രിസ്തു ഈ മഹദ്വാക്യം വ്യക്തമായി ലോകത്തെ പഠിപ്പിച്ചു. എന്നാൽ മനുഷ്യനുണ്ടായകാലം മുതലേ ഈ ശാസനം അവനിൽ ലയിച്ചിരുന്നു. മാനവസമുദായ സുസ്ഥിതിക്കാവശ്യമായ സാന്മാർഗ്ഗിക ചിന്തകൾ ഏവരിലും സ്ഥിതി ചെയ്തിരുന്നു സ്ഥിതിചെയ്യുന്നു. സ്വാർത്ഥമാത്രേച്ഛുക്കളായ മനുഷ്യർ പാവന സുസ്ഥിതി പ്രദാനം ചെയ്യുന്ന ഈ അന്തഃകരണത്തിന്റെ പ്രവർത്തനത്തെ ധിക്കരിക്കാറുണ്ടു്. വെറും വ്യാമോഹം കൊണ്ടെന്നല്ലാതെ, അതിനടിസ്ഥാനമായ കാരണം ഒന്നുംതന്നെയില്ല. വ്യർത്ഥമായ വ്യാമോഹം. ഈ ധിക്കാരംകൊണ്ടു് ദുസ്ഥിതി ഉണ്ടാകുന്നുവെന്നല്ലാതെ നന്മയായി അല്പം ഒന്നും സംഭവിക്കുന്നില്ല. ഈ ലോകത്തു കാണുന്ന സകല ദുസ്ഥിതികളും കാരണം അന്തഃകരണത്തോടു കാണിക്കുന്ന ഈ കൈയ്യേററമാണു്. ദുരഭിലാഷങ്ങളാകുന്ന മൃഗങ്ങൾ മനുഷ്യന്റെ മനസ്സാകുന്ന ഘോരവനങ്ങളിൽ കുടിയിരിപ്പുണ്ടു്. അവ ചിലപ്പോൾ മനസ്സാക്ഷിയാകുന്ന മതിൽക്കെട്ടിനെ ഭേദിക്കുന്നു. നന്മയുടെ വിളഭൂമികൾ താറുമാറാക്കുന്നു.

ദൈവം പിതാവും മനുഷ്യരെല്ലാം അവിടുത്തെ മക്കളുമാണെങ്കിൽ, മക്കൾ അന്യോന്യം ഐക്യതയിൽ ജീവിക്കാൻ കടപ്പെട്ടവരാണ്, പിതാവായ ദൈവത്തിന്റെ ഇഷ്ടത്തിന് അനുസരണമായി ജീവിക്കേണ്ടിയിരിക്കുന്നു. ഭിന്നാഭിപ്രായക്കാരായ സന്താനങ്ങളുടെ തമ്മിൽ തമ്മിലുള്ള എതിർപ്പുകൾ പിതാവിന് ആദരണീയമായിരിക്കയില്ലല്ലോ! പ്രത്യുത വേദനാജനകമാകാനല്ലേ കാരണമുള്ളൂ. അന്യോന്യം അഭിപ്രായവ്യത്യാസത്തോടുകൂടി ശത്രുതയോടെ സന്താനങ്ങൾ കഴിയുന്നതു കാണുവാൻ ഒരു പിതാവും ഇഷ്ടപ്പെടുകയില്ല. മക്കൾ ഐകമത്യമില്ലാതെ പെരുമാറുന്നതു് പിതാവിന് എത്രമാത്രം വേദനയാണുണ്ടാക്കുന്നതെന്നു പറഞ്ഞറിയിക്കാവതല്ല.

രാജ്യം, വേഷം, വംശം, ഭാഷ, നിറം എന്നിത്യാദി വ്യത്യസ്ഥതകൾ മാനവലോകത്തു സാധാരണമാണെങ്കിലും എല്ലാവരും സർവ്വശക്തനായ പരമപിതാവിന്റെ മക്കളാണെന്നഭിമാനിക്കുന്നുണ്ട്. അതു തികച്ചും ശരിയുമാണ്. എന്നാൽ ദൈവവും മനുഷ്യനുമായുള്ള സമ്പർക്കത്തിൽ, മനുഷ്യർ തമ്മിൽത്തമ്മിൽ സഹോദര നിർവിശേഷമായ ഐക്യം പുലർത്തിക്കാണുന്നില്ലെന്നുള്ളതു്— മക്കൾ ഭിന്നാഭിപ്രായക്കാരായി ശത്രുതയോടെ വർത്തിക്കുന്നുവെന്നുള്ളതു്,— പിതാവ് എന്ന നിലയിൽ ദൈവത്തിനു സങ്കടകാരണമാണ്. ഉഷ്ണമേഖലയിലെ കറുത്ത മനുഷ്യനും, ശൈത്യമേഖലയിലെ വെളുത്ത മനുഷ്യനും, ചൈനയിലെ മഞ്ഞ മനുഷ്യനും,— എല്ലാം ദൈവത്തിന്റെ മക്കളാണെന്നു സമ്മതിക്കുമെങ്കിൽ, രാജ്യഭാഷേത്യാദി വ്യത്യാസങ്ങളെ ഗണിക്കാതെ, പിതാവായ ദൈവവുമായുള്ള സംസർഗ്ഗത്തിൽ ഏകീഭാവം ഉണ്ടായിരിക്കണമെന്നുള്ളതു് തികച്ചും ന്യായം മാത്രമാണ്.

**പരിത്രാതാവ്.** മനുഷ്യസമുദായത്തിന്റെ ചരിത്രം ആദിമുതലേ പരിശോധിക്കുന്ന ഒരുവനു് മനുഷ്യജാതി ഒന്നടങ്കം ഏതോ ദിവ്യമായ ഒന്നിനുവേണ്ടി

അത്യാകാംക്ഷയോടുകൂടി കാത്തുകൊണ്ടിരുന്നുവെന്നു കാണാവുന്നതാണ്. കേവലം മിന്നാമിനുങ്ങുമുതൽ ഉജ്ജ്വലത്തുകളായ തേജോഗോളങ്ങളെ വരെയും അവർ ആകാംക്ഷയോടുകൂടി ഉറ്റുനോക്കിക്കൊണ്ടിരുന്നു. അവയിലേതെങ്കിലും ഒന്നാണോ തന്റെ പ്രത്യാശാകേന്ദ്രമെന്ന്. ലഭിച്ചിരുന്ന സംസ്കാരത്തിന്റെ വ്യത്യസ്ഥതകൾക്കനുസരണമായി ആ സമാധാന സംപ്രാപ്തിക്കുവേണ്ടി അവർ ദാഹിച്ചുകൊണ്ടേയിരുന്നു.

യഹൂദ വേദപുസ്തകം— പഴയനിയമം ഇതിനു ധാരാളം തെളിവുകൾക്കൊള്ളുന്നതാണ്. ഓരോ പ്രവാചകനിൽ കൂടിയും ആ പ്രത്യാശാരശ്മികൾ മനുഷ്യന്റെ മുഖത്തു വീശിവീണുകൊണ്ടിരുന്നു. അതു മാത്രമായിരുന്നു,— ആ വെളിച്ചം വീശൽ മാത്രമായിരുന്നു— അന്ന് അവനു ലഭിച്ച ഒരു നേരിയ ആശ്വാസം. വീശിവീണ ആ രശ്മിയുടെ പ്രകാശത്തിലൂടെ ചക്രവാളത്തിന്നപ്പുറത്തേക്കായിരുന്നു അവന്റെ നോട്ടം. മുസ്ലീമിങ്ങളും ഈ പ്രത്യാശയുള്ളവരായിരുന്നു. ശാശ്വതമായ സമാധാനം പ്രാർത്ഥിച്ചിരുന്ന ലോകത്തെ മറക്കുവാൻ കരുണാകരനായ ദൈവത്തിനു സാധ്യമായിരുന്നില്ല. പരിത്രാണാർത്ഥം അവിടുന്നുതന്നെ മനുഷ്യനായി. ദൈവവും മനുഷ്യനുമായുള്ള അഭേദ്യബന്ധം! അന്ധകാരാവൃതമായ ലോകത്തിന് ആവശ്യമായിരുന്ന ഈ വെളിച്ചം നല്കുവാൻ മററു തേജസ്സുകൾക്കു കഴിയുമായിരുന്നില്ല. അല്ല, ദൈവം ലോകത്തെ അത്രകണ്ടു സ്നേഹിച്ചു.

പഴയനിയമകാലം മുതല്ക്കേ തിരഞ്ഞെടുക്കപ്പെട്ട ഒരു കൂട്ടം ഉണ്ടായിരുന്നു. അവരുടെ നീതിശാസ്ത്രങ്ങൾക്ക് എന്തൊക്കെയോ കുറവുകളുണ്ടെന്ന് അവർക്കുതന്നെ ബോദ്ധ്യമുണ്ടായിരുന്നു. അവ! അവക്ക് ഏതോ ഒരു ലക്ഷ്യം ചൂണ്ടിക്കാണിക്കുന്നതുപോലെ മാത്രമേ തോന്നിയിരുന്നുള്ളു. 'ആ ചൂണ്ടുപലകകൾ' അവരെ നയിച്ചു. എന്നാൽ ലക്ഷ്യത്തിൽ എല്ലാവരും എത്തിയില്ല. അതു ഡ്രൈവറുടെയോ, പാളം തെററാത്ത 'തീവണ്ടി'യുടെ

ദയാ, കുററമായിരുന്നില്ല. യാത്രക്കാരന്റെ അവിവേകം!

"തമ്മിൽത്തമ്മിൽ സ്നേഹിക്കണം. ശരി. പോരാ, ശത്രുക്കളെക്കൂടി സ്നേഹിക്കണം. അപകാരം ചെയ്യുന്നവക്കും ഉപകാരം ചെയ്യണം. അവക്കുവേണ്ടി പ്രാത്ഥിക്കണം." ഈ ദിവ്യമായ ശബ്ദം ഗലിലയിലേ തടാകത്തിന്റെ ചെറുകല്ലോലങ്ങളിൽ വീണമീട്ടി. ദ്രാക്ഷാവല്ലികളുടെ ചില്ലകളിൽ ഊയലാടി ദിഗന്തങ്ങളിൽ വ്യക്തമായി ശ്രവിക്കപ്പെട്ടു. ലോകം ഒന്നു നിശ്ചലമായി നിന്നിരിക്കണം. അവിടുന്നു ശിഷ്യഗണത്തിന്റെ കാലുകളെ കഴുകി. "നിങ്ങളുടെ ഗുരുവും നാഥനുമായവൻ ഇങ്ങനെ ചെയ്യെങ്കിൽ നിങ്ങൾ എത്ര അധികമായി ചെയ്യേണ്ടിയിരിക്കുന്നു?" പരീശൻ മൂക്കിൽ വിരൽ വച്ച് അതിശയം കൂടി അമ്പരന്നു നിന്നുപോയി. യഹൂദൻ പകച്ചു. സദ്ദൂക്യൻ നിലത്തുനോക്കിനിന്നു. ചുങ്കക്കാരും പാപികളും ആനന്ദബാഷ്പം വഷിച്ചു. ലോകം ദീഘമായി ഒന്നു നിശ്വസിച്ചിരിക്കണം!

മനുഷ്യൻ തമ്മിൽതമ്മിലായിരിക്കേണ്ട മഹനീയ മാതൃക. ഉപദേശം മാത്രമായിരുന്നില്ല. പ്രവൃത്തിമൂലം അവിടുന്നു കാണിച്ചുകൊടുത്തു, മാതൃകാധ്യയനം! അതിവേദനയനുഭവിച്ച്- മരണവേദന- കുരിശിൽകിടന്നുകൊണ്ടു പോലും, "പിതാവേ! അജ്ഞാനം നിമിത്തം ഇവർ ചെയ്യുന്ന അപരാധം ഇവരോടു ക്ഷമിക്കേണമേ! എന്നു പ്രാത്ഥിക്കുന്നു. മഹാഘാതകനായ ബറബ്ബാസുപോലും പശ്ചാത്താപത്താൽ കണ്ണീരൊഴുക്കിയിരിക്കണം! ധൂത്തപുത്രന്റെ ഉപമവഴി പിതൃപുത്രബന്ധത്തെയും, അനുതപിക്കുന്ന പാപിക്കു ലഭിക്കുന്ന സ്വാഗതത്തെയും; നല്ല ശമര്യാക്കാരന്റെ ഉപമമൂലം സഹോദരസ്നേഹത്തെയും അവിടുന്നു വിശദീകരിക്കുന്നു. ഹാ! മനുഷ്യന്റെ സുസ്ഥിതി അവിടുന്ന് എത്രമാത്രം അഭിലഷിക്കുന്നു! അല്ലായിരുന്നെങ്കിൽ അവിടുന്നെന്തിനു സ്വഗ്ഗം വിട്ടിറങ്ങി? ഒരു മനുഷ്യനായി? ഒരു കുററക്കാരനെപ്പോലെ, ഒരു കൊടുംപാതകിയെപ്പോലെ, നീചമായ കുരിശുമര

ണംവരെയും സഹിച്ചു? മനുഷ്യമക്കൾ യോജിപ്പായി ജീവിക്കുന്നതിനുവേണ്ടി.

"എന്നെ പിന്തുടരുന്നവൻ തൻെറ കുരിശെടുത്തു് എന്നെ അനുഗമിക്കട്ടെ? എനിക്കുവേണ്ടി വീടോ, നാടോ, അപ്പനെയോ, അമ്മയെയോ, ഭാര്യ, മക്കൾ, ധനം, എന്നിങ്ങനെ ഏതിനെയെങ്കിലുമോ ഉപേക്ഷിക്കേണ്ടി വരുന്നവന് ഒരിക്കലും അതു നഷ്ടമായി വരുന്നതല്ല."

ആത്മാവിൻെറ വില. സർവകലാശാലയിലെ അദ്ധ്യേതാക്കളുടെ ആത്മാർത്ഥ ബഹുമാനത്തിനു പാത്രീഭൂതനായിരുന്ന സംപൂജനായ ഒരു പ്രഫസർ ഇങ്ങനെ ഒരു സ്വരം കേട്ടു "മനുഷ്യാ! നീ ലോകം മുഴുവൻ നേടിയാലും നിൻെറ ആത്മാവു നഷ്ടപ്പെട്ടാൽ നിനക്കെന്തു പ്രയോജനം?" നിരവധി സർവ്വകലാശാലാവിദ്യാർത്ഥികളുടെയും. സർവകലാശാലാപ്രവർത്തകരുടെയും ബഹുമാനപാത്രമായിരുന്ന ആ മഹാൻ കൂടെക്കൂടെ കേട്ട ഈ സ്വരം അതിൻെറ അതിശക്തമായ അർത്ഥവ്യാപ്തിയിൽതന്നെ ഗ്രഹിച്ചു. ലോകബഹുമാനാദികളുടെ പിൻപേ പൊയ്ക്കൊണ്ടിരുന്ന അദ്ദേഹം ശ്രവിച്ച സ്വരം പാഴായിപ്പോയില്ല. ആ നാദം അദ്ദേഹത്തെ പിടിച്ചുനിർത്തി ചിന്തിക്കൂ! എന്ന് അദ്ദേഹത്തോടാജ്ഞാപിച്ചു. വലിയ പരിവർത്തനത്തിനദ്ദേഹം വിധേയനായി. നിങ്ങൾ ഏവരും അറിയുംപോലെ മാർത്തോമ്മാശ്ലീഹായ്ക്കു ശേഷം ഇന്ത്യയിൽ, വിശേഷിച്ചു കേരളത്തിൽ യേശുക്രിസ്തുവിനുവേണ്ടി അത്യദ്ധ്വാനം ചെയ്തു പ്രേഷിതവര്യൻ സെൻറു ഫ്രാൻസീസു് സേവ്യർ അല്ലാതെ അത്ര മററാരുമായിരുന്നില്ല. സെൻറു സേവ്യർ വിശ്രമഹീനം വേലചെയ്തു. സെൻറു പോളിനെപ്പോലെ അദ്ദേഹത്തിനും തൻെറ വേലയിൽ തികച്ചും അഭിമാനിക്കാൻ അവകാശം ഉണ്ട്. സെൻറു സേവ്യരിൻെറ ശരീരം ഇതര ശവശരീരങ്ങളെപ്പോലെ അഴുകുകയോ, ദ്രവിക്കുയോ ചെയ്യാതെ, ഉറങ്ങുന്ന മനുഷ്യ

നെപ്പോലെ സ്ഥിതിചെയ്യുന്നു. ഇന്ത്യയിൽ ഗോവയിൽ സൂക്ഷിക്കപ്പെടുന്ന ഈ പൂജ്യശരീരം— 12 വർഷത്തിലൊരിക്കൽ പൊതുദർശനാർത്ഥം പ്രദർശിക്കപ്പെടാറുണ്ട്.

യഹൂദ റബിമാരിൽ അഗ്രിമസ്ഥാനം അലങ്കരിച്ചിരുന്ന ഗാമാലിയേലിന്റെ പാദപീഠത്തിലിരുന്ന് അഭ്യസിച്ചവനെന്നു സ്വയം അഭിമാനിക്കുന്നവനും, മതവൈരാഗ്യത്താൽ ക്രിസ്ത്യാനികളെ പീഡിപ്പിച്ചവനും, ക്രൈസ്തവസഭയുടെ ആദ്യരക്തസാക്ഷിയായ സെൻറ് സ്റ്റീഫനെ കല്ലെറിഞ്ഞുകൊന്നവരുടെ മേലങ്കികൾ സൂക്ഷിച്ചുനിന്ന്, ആ രക്തസാക്ഷികർമ്മത്തിനു സാക്ഷ്യം വഹിച്ചവനുമായ ശൗൻ പൗലോസാകുന്നതും, യേശുനാഥന്റെ ധീരപോരാളിയാകുന്നതും, പീഡകളനുഭവിക്കുന്നതും, അരുമരക്ഷകന്റെ തിരുക്കാലടിപ്പാടുകളെ പിന്തുടന്ന് വാളിന്നിരയാകുന്നതും മററും വെറും ചരിത്രസത്യങ്ങൾ മാത്രമാണ്. ലൗകികമായ യാതൊരു മേന്മയും വേണ്ടിയായിരുന്നില്ല പൗലോസിന്റെ ക്ലേശങ്ങളും നിസ്തുലമായ ത്യാഗങ്ങളും മരണവുമെങ്കിൽ, പിന്നെന്തിനായിട്ടായിരുന്നുവെന്നുള്ളതു ചിന്താർഹമല്ലേ? അദ്ദേഹത്തിന്റെ ലാഭേച്ഛ എന്തായിരുന്നു?

വിലങ്ങണിഞ്ഞ് അഗ്രിപ്പാ രാജാവിന്റെ മുൻപിൽ നില്ക്കുന്ന പൗലോസിന്റെ പ്രസംഗം കേട്ട് രാജാവു പറയുന്നു:— "പൗലോസേ! ഞാൻ ഒരു ക്രിസ്ത്യാനിയാകുവാൻ അല്പം ഏതാണ്ടുകൊണ്ട് എന്നെ നീ സമ്മതിപ്പിക്കുന്നു." "വിദ്യാബാഹുല്യത്താൽ നിനക്കു ഭ്രാന്തു പിടിച്ചിരിക്കുന്നു," എന്ന് നാടുവാഴിയായ ഫേസ്തോസു പ്രസ്താവിച്ചപ്പോൾ പൗലോസു പ്രത്യുത്തരിച്ചു:— "എനിക്കു ഭ്രാന്തില്ല." അടുത്തു ഇരുന്നിരുന്ന അഗ്രിപ്പാരാജാവിനോടു "ഈ വിലങ്ങൊഴിഞ്ഞ് മറെറല്ലകാര്യത്തിലും അങ്ങ് എന്നെപ്പോലെ ആയിക്കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു." ആത്മാക്കളെ നേടുവാനുള്ള ദാഹം!

ദൈവസ്നേഹത്തെ പ്രതി ആത്മാക്കളെ നേടുന്നതിനു സ്വജീവൻ തൃണസമാനം ഗണിച്ച അനേകമനേകം

പുണ്യാത്മാക്കളുടെ ത്യാഗസന്നദ്ധത ചരിത്രംവഴി നമുക്കു കാണ്മവാൻ കഴിയും.

ക്രൈസ്തവസഭകൾ? ദൈവം ഒരുവൻ മാത്രം. രക്ഷിതാവു് ഒരുവൻ. രക്ഷാമാൎഗ്ഗം?— ദൈവത്തിൻെറ മക്കളെന്നഭിമാനിക്കുന്ന,— യേശുക്രിസ്തുവിൻെറ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവരെന്നു പുകഴ്ത്തുകൊള്ളുന്ന — മാനവസമുദായം അന്യോന്യം ഭിന്നിച്ചോട്ടുകൂടി ദൈവരാജ്യമന്വേഷിക്കുന്നതു്, "ഒരു രാജ്യം തന്നിൽത്തന്നെ ഭിന്നിച്ചാൽ" എന്നവിധം,— "പാളയത്തിൽ പട," എന്ന വിധം,— നാശകാരണം ആയിരിക്കും.

## അദ്ധ്യായം 2.

### സഭയുടെ ലക്ഷണങ്ങൾ; അടിസ്ഥാനം.

തമ്മിൽത്തമ്മിൽ ശത്രുതയാൽ വിപരീതങ്ങളായ അനേകമനേകം വിശ്വാസാചാരങ്ങളെ പുലൎത്തുന്ന 400–ൽ പരം ക്രൈസ്തവസഭകൾ ഇന്നു ഭൂമുഖത്തുണ്ടു്! മിശിഹാതമ്പുരാൻ തൻെറ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടു്, മഹൽത്യാഗികളായ അയിരമായിരം രക്തസാക്ഷികളാലും പരിപാലിച്ചു പോഷിപ്പിക്കപ്പെട്ട, മനുഷ്യവൎഗ്ഗം, തമ്പുരാൻ അഗ്രഹിച്ച,— അഗ്രഹിക്കുന്ന സമാധാനത്തിനും യോജിപ്പിനും വിപരീതമായി നിലകൊള്ളുന്നതു്, അവിടത്തെ വീണ്ടും വീണ്ടും പീഡിപ്പിക്കുന്നതിനും കുരിശിൽ തറയ്ക്കുന്നതിനും സമമാണെന്നു ധരിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

ശ്രീയേശു ക്രിസ്തു അനേകം സഭകളെ സ്ഥാപിച്ചിട്ടുണ്ടോ? "വാളെടുത്തവനെല്ലാം വെളിച്ചപ്പാടന്മാർ," എന്ന മട്ടിൽ സഭയ്ക്കു് അനേകം തലവന്മാരേ നിയമി

ച്ചിട്ടുണ്ടോ? ഈ നാനൂറിൽപ്പരം ക്രൈസ്തവസഭകളും, പരസ്പരം ശത്രുതയോടെ കഴിയുന്ന– 400–ലധികം തലവന്മാരും ദൈവസ്ഥാപിതമാണോ? സഭ ഒന്നിൽ കൂടുതൽ ഉണ്ടായിരിക്കാമോ? ഒന്നിലധികം പരമാധികാരികളെ ക്രിസ്തു നിയമിച്ചിരിക്കുമോ? ഇത്യാദി പ്രശ്നങ്ങൾക്ക ശരിയായ സമാധാനം കണ്ടുപിടിക്കേണ്ടതും, തെററിനെ തിരുത്തേണ്ടതും, ശരിയായുള്ളതു സ്വീകരിക്കേണ്ടതും, ഏതു ക്രൈസ്തവ സഭാവിഭാഗത്തിൽപ്പെട്ട ഏവനെന്റെയും കടമയാണ്.

സഭ ഒന്നുമാത്രം. ദൈവസ്ഥാപിതമായ സഭ ഒന്നുമാത്രമേ ഉണ്ടായിരിക്കാവൂ എങ്കിൽ, ആ സഭ ഏതാണെന്നു കണ്ടുപിടിക്കയും അതിന്റെ അംഗങ്ങളായി സഭയ്ക്കു അനുസരണമുള്ള മക്കളായും അങ്ങനെ ദൈവതിരുച്ചിത്തത്തിനൊത്തവണ്ണം ജീവിക്കയും ചെയ്വാൻ നാം തികച്ചും ബാദ്ധ്യസ്ഥരാണ്. സാക്ഷാൽ ദൈവവും മനുഷ്യനുമായ നമ്മുടെ കർത്താവീശോമിശിഹാ സ്ഥാപിച്ച സഭയുടെ ലക്ഷണങ്ങൾ ഏതെല്ലാമാണ്, വി. ഗ്രന്ഥങ്ങളിൽ നിന്നും ഈ ലക്ഷണങ്ങൾ നമുക്ക കാണാം. അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം ഈ ലക്ഷണം വിളിച്ചറിയിക്കുന്നു. "കാതോലിക്കാസ്സും, ശ്ലീഹാസ്സും, ആയുള്ള ഏക, വിശുദ്ധ," എന്ന നാലു ലക്ഷണമാണു സഭയ്ക്കുള്ളതു്.

1. <u>കാതോലികമായിരിക്കണം:-</u> അതായതു്, സഭ പൊതുവായതു് – അഥവാ – സാർവത്രികമായതു് – ആയിരിക്കണം. രാജ്യം, വേഷം, ഭാഷ, നിറം എന്നിത്യാദി, സാർവലൗകികമായി മനുഷ്യവർഗ്ഗത്തെ മുഴുവൻ പ്രതിനിധീകരിക്കുന്നതായിരിക്കണം. ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ള ഏതു മനുഷ്യസമുദായവും സഭയിൽ ഉണ്ടായിരിക്കണമെന്നു സാരം.

KOTTAYAM

2. ശ്ലൈഹികമായിരിക്കണം:- നമ്മുടെ കർത്താവീശോമിശിഹാ തിരഞ്ഞെടുത്ത പരമാധികാരിയായ ശ്ലീഹായുടെയും, അദ്ദേഹത്തിന്റെ ന്യായമായ പിന്തുടർച്ചക്കാരുടെയും അനുസരണത്തിൻകീഴിൽ വർത്തിക്കുന്നതായിരിക്കണം സഭ.

3. ഏകമായിരിക്കണം:- സഭ ഒന്നുമാത്രമേയുണ്ടായിരിക്കാവൂ "പത്രോസിന്റെ പക്ഷക്കാരെന്നും, തോമ്മാസിന്റെ പക്ഷക്കാരെന്നും, അപ്പല്ലോസിന്റെ പക്ഷക്കാരെന്നും," അന്യോന്യം ചേരിതിരിച്ചാൽ ഉണ്ടായിരിക്കാവുന്നതല്ല ഒരു പരമാധികാരിക്കു കീഴ്പ്പെട്ടു ജീവിക്കുന്ന, എങ്ങും ഒരേവിധ നടപടിക്രമങ്ങൾ കൈക്കൊണ്ടാദരിക്കുന്ന ഒരൊററക്കൂട്ടം മാത്രമായിരിക്കണം സഭ.

4. വിശുദ്ധമായിരിക്കണം:- സഭ വിശുദ്ധിയെ സംരക്ഷിക്കുന്ന തീവ്രസ്വഭാവമുള്ളവളായിരിക്കണം. അവളുടെ സന്താനങ്ങൾ വിശുദ്ധിക്കുവേണ്ടിയായിരിക്കണം ജീവിക്കുന്നതു്. വിശുദ്ധിക്കുവേണ്ടി ഏതു ത്യാഗവും സസന്തോഷം സ്വാഗതം ചെയ്യുവാൻ തക്ക ആദ്ധ്യാത്മിക പ്രചോദന പ്രേരകമായിരിക്കണം സഭ. വിശുദ്ധി പുലർത്തുക, വിശുദ്ധിക്കുവേണ്ടി ജീവിക്കുക, വിശുദ്ധിക്കുവേണ്ടി മരിക്കുക. അങ്ങനെ അനേക വിശുദ്ധാത്മാക്കളാൽ അലങ്കാരഭൂഷിതയും അനുഗ്രഹീതയും ആയി അദ്ധ്യാത്മിക സൗരഭം പരത്തുന്നവളായിരിക്കണം സഭ. സഭയുടെ നാലു ലക്ഷണങ്ങളെപ്പററിയും സാമാന്യമായി ഞാൻ വിവരിച്ചുവെന്നു വിചാരിക്കുന്നു. ഈ ലക്ഷണസംയുക്തയായ സഭ ഏതാണെന്നന്വേഷിക്കാം.

എല്ലാ ഭാഷക്കാരെയും വേഷക്കാരെയും ഉൾപ്പെടുത്തി മനുഷ്യാധിവാസമുള്ള എല്ലാ ദിഗ്മുഖമുഖങ്ങളിലും ദ്വീപദ്വീപാന്തരങ്ങളിലും ശ്രീയേശുനാഥന്റെ ദിവ്യദീപം പ്രകാശിപ്പിച്ചുകൊണ്ടു് ആത്മികവും ലൗകികവുമായ സേവനം നിഷ്കാമവൃത്ത്യം അനുഷ്ഠിച്ചുകൊണ്ടു പുരോഗമിക്കുന്ന ക്രൈസ്തവ സഭ ഏതാണ്?

സഭയുടെ അടിസ്ഥാനം. "പത്രോസേ! നീ പാറയാകുന്നു
ഈ പാറമേൽ ഞാൻ എൻെറ
പള്ളിയെ (സഭ) പണിയും. നരകവാതിലുകൾ അതി
നെ ജയിക്കയില്ല." ദൈവവും മനുഷ്യനുമായ നമ്മുടെ
കർത്താവീശോമിശിഹായുടെ തിരുവായ്മൊഴികൾ ഏ
തൊരു ക്രിസ്ത്യാനിക്കാണ് അഗണ്യമായിത്തള്ളിക്കളയാവു
ന്നതു്? അവിടുന്ന് ആക്കം സംശയജനകമാം വണ്ണം
ഒന്നും പറിപ്പിച്ചിട്ടില്ല. പ്രത്യുത ഏററം വ്യക്തമത്രെ അ
വിടുത്തെ തിരുവായ്മൊഴികൾ. അവയെ നാം നമ്മു
ടെ സ്വാർത്ഥതാല്പര്യങ്ങളെ മുൻനിറുത്തി തോന്ന്യാസമാ
യി വ്യാഖ്യാനിക്കുന്നതു ശിക്ഷ വിധിയെ വിളിച്ചു വരുത്തു
കമാത്രമായിരിക്കും.

"പത്രോസേ! നീ പാറയാകുന്നു. ഈ പാറമേൽ
ഞാൻ എൻെറ സഭ യെ (പള്ളി) പണിയും. നരക
വാതിലുകൾ അതിനെ ജയിക്കയില്ല." ഇവിടെ ഉപയോ
ഗിച്ചിരിക്കുന്ന "പത്രോസേ! നീ;" "സഭ," എന്നീ ഏക
വചനങ്ങൾ അതിൻെറ സാക്ഷാത്തായ അർത്ഥത്തിൽ
സാദരം സ്വീകരിക്കുവാൻ ഏതൊരു മനുഷ്യനും അവ
ശ്യമുണ്ട്. "സഭ" യെ അല്ലാതെ "സഭകളെ," പണി
യുമെന്ന് അവിടുന്നു തിരുവായ് മൊഴിഞ്ഞിട്ടില്ല. അതു
പോലെ ശിഷ്യഗണങ്ങളെ ആകമാനമോ, ഏതാനും
പേരെയും സംബോധന ചെയ്യാതെ ഒരൊററ വ്യക്തി
യെ മാത്രം— പത്രോസിനെ— വിളിച്ചാണ് ഈ അധി
കാരദാനം ചെയ്യുന്നതെന്നുള്ളതും സ്മരണീയമാണ്. തിക
ച്ചും സുവ്യക്തമായ അവിടുത്തെ മൊഴികളെ ദുർവ്യാഖ്യാ
നിക്കുന്ന ധിക്കാരം ഏററം അധിക്ഷേപാർഹവും ശാപ
ഗ്രസ്തവുമാണ്. അതിനാൽ ആത്മരക്ഷകൻെറ അരുള
പ്പാടനുസരിച്ച് ഭൂമുഖത്തു് ഒരൊററ സഭ മാത്രമേ ഉണ്ടാ
യിരിക്കാൻ നിർവാഹമുള്ളു. അതു പത്രോസാകുന്ന പാറ
മേൽ ഉറച്ചുനില്ക്കുന്നതുമായിരിക്കണം. ഒന്നിലധികം സഭ

കളുണ്ടെങ്കിൽ ഒന്നൊഴികെ ബാക്കിയുള്ളതെല്ലാം അസത്യത്തിൻെറ ആത്മാക്കളുടെ പ്രവൎത്തനഫലമായി ഉത്ഭവിച്ചിട്ടുള്ളതാണെന്നും, അതിനാൽ അവ ദൈവസ്ഥാപിതമല്ലെന്നും സമ്മതിക്കാൻ ആൎക്കും നിൎവാഹമില്ല.

“ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടിയുണ്ടായിരിക്കും. ആശ്വാസപ്രദനെ അയക്കും. പരിശുദ്ധാത്മാവു സഭയിൽ അധിവസിച്ച് എല്ലാ നീതിയിലും സത്യത്തിലും വഴി നടത്തും.” ഇവയും തിരുവായ്മൊഴികളാണ്. സഭയോടുകൂടി മിശിഹാ എപ്പോഴും ഉണ്ടായിരിക്കും. പരിശുദ്ധാത്മാവു നീതിയിലും സത്യത്തിലും സമാധാനപൂൎവ്വം സഭയെ നടത്തും. ഇങ്ങനെ ശ്ലീഹാക്കൂട്ടത്തതും, പരിശുദ്ധാത്മാവു നീതിയിലും സത്യത്തിലും വഴി നടത്തിക്കൊണ്ടിരിക്കുന്നതുമായ സത്യസഭ ഏതാണ്? ക്രിസ്തുവിൻെറ നിത്യസാന്നിദ്ധ്യവും പരിശുദ്ധാത്മാവിൻെറ നടത്തിപ്പും ഉള്ള സഭ ഏതാണ്? ഏക ഇടയൻെറ അനുസരണത്തിൻകീഴിൽ ഒരൊററക്കൂട്ടമായി പുരോഗമിക്കുന്ന സഭ, സ്വൎഗ്ഗത്തിൻെറ ഒരു പ്രതിഛായ തന്നെ ആയിരിക്കണമെന്നുള്ളതു ന്യായമാണെങ്കിൽ, പരിശുദ്ധാത്മാവിൻെറ അധിവാസം മൂലം സമാധാനസന്ദായകമായ ആ സഭ, ഇന്നു ഭൂമുഖത്തുള്ള അനേകം ക്രൈസ്തവസഭകളിൽ ഏതാണെന്നു പ്രിയ വായനക്കാരാ! ചിന്തിക്കുമോ? അന്വേഷിക്കുമോ?

“യൗനാൻെറ പുത്രനായ ശെമഓനേ! നീ എന്നെ സ്നേഹിക്കുന്നുവോ?” എന്നു മൂന്നു പ്രാവശ്യം ആത്മരക്ഷകൻ പത്രോസിനോടു ചോദിക്കുന്നു. “ഉവ്വ്, കൎത്താവേ! ഞാൻ സ്നേഹിക്കുന്നു,” എന്നു പത്രോസ് മറുപടി പറയുന്നു. മൂന്നാം പ്രാവശ്യം നിഷ്കളങ്കമായ തൻെറ ഹൃദയം ആത്മരക്ഷകൻെറ സന്നിധിയിൽ പത്രോസ് തുറന്നു കാണിച്ചുകൊണ്ട്, “ഉവ്വ്, കൎത്താവേ! എല്ലാം നീ അറിയുന്നുവല്ലോ.” എന്നു പറയുന്നു. പത്രോസിൻെറ ഓരോ മറുപടിക്കു ശേഷവും നമ്മുടെ കൎത്താവീശോമിശിഹാ പത്രോസിനെ കൂടുതൽ കൂടുതൽ ഉത്തരവാദിത്വ

മുള്ളു ഭാരമേറിയ ചുമതലകൾ ഭരമേല്പിക്കുന്നു: "എന്റെ ആട്ടുകളെ മേയ്ക്കു! എന്റെ കുഞ്ഞാട്ടുകളെ പാലിക്കു! എന്റെ ആട്ടുകളെ പാലിക്കു!" ഈ അധികാരദാനം മൂലം പത്രോസിനെ സഭയുടെ പരിപൂർണ്ണപരമാധികാരിയായി നിയമിക്കുകയല്ല, തമ്പുരാൻ ചെയ്തിട്ടുള്ളതെന്നു പറയുവാൻ ശക്തിയുള്ള നാവു കാണുമോ? അങ്ങനെ വിചാരിക്കുവാൻ കഴിവുള്ള ഹൃദയം ഉണ്ടായിരിക്കുമോ? സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും താക്കോൽ നല്കുന്നതും നിസ്സാരമായി തള്ളിക്കളയാവുന്നതോ?

"പത്രോസേ! പിശാചു നിന്നെ പതിർപോലെ പാററിക്കളവാൻ അനുവാദം ചോദിച്ചു എങ്കിലും നിനക്കുവേണ്ടി ഞാൻ പിതാവിനോടപേക്ഷിച്ചു. നീ തിരിഞ്ഞു നിന്റെ സഹോദരങ്ങളെ ശക്തിപ്പെടുത്തിക്കൊൾക." ഈ വാക്യങ്ങളുടെ വ്യാഖ്യാനം എന്തായിരിക്കും? ഇതിൽ വ്യാഖ്യാനത്തിനാവശ്യമായി അവ്യക്തമായെന്താണുള്ളതു്? പത്രോസു മററു സഹോദര ശിഷ്യഗണത്തെ ബലപ്പെടുത്തിക്കൊള്ളണമെന്നും, പത്രോസിന്റെ കാര്യം കർത്താവു പിതാവിനോടുത്തരവാദപ്പെട്ടുകൊള്ളാമെന്നും കല്പിച്ചാൽ കർത്താവു പത്രോസിനും, പത്രോസ് മററു ശിഷ്യഗണത്തിനും ശിഷ്യഗണം (സ്ലീഹന്മാർ) ലോകത്തോടും ഉത്തരവാദപ്പെട്ടു ബന്ധപ്പെട്ടിരിക്കുന്നതായും കർത്താവിന്റെ സഭയുടെ പരമാധികാരം പത്രോസിൽ നിക്ഷിപ്തമാണെന്നും ഗ്രഹിക്കാൻ കഴിയാത്തതാർക്കാണു്?

ലി. എസ്തപ്പാനോസു മുതൽ ഇന്നോളം ആദ്ധ്യാത്മികവും ഭൗതികവുമായ ഏററുമുട്ടലുകളെ സധീരം എതിർത്തു വീരവിജയം പ്രാപിച്ച അനേകായിരം വിശുദ്ധാത്മാക്കളെ ചൂണ്ടിക്കാണിപ്പാൻ ഭൂമുഖത്തു കഴിവുള്ള സഭ ഏതാണു്?

അതിനെ തെററെന്നു നിശ്ചയം പ്രഖ്യാപനം ചെയ്തുകൊണ്ടു്, എത്ര വലിയ ഭൗതികാധികാരത്തോടും ദൈവത്തിന്റെ നീതി അധികാരസമന്വിതം പരിപാലിച്ചു

കൊണ്ട് ലോകത്തെ വിജയിച്ചു പുലരുന്ന സഭ ഇന്നത്തെ ക്രൈസ്തവസഭകളിൽ ഏതാണ്?

സർവ്വ ജാതികളെയും, ഭാഷക്കാരെയും വേഷക്കാരെയും ഉൾക്കൊള്ളുന്ന സാർവ്വത്രികലക്ഷണമുള്ള സഭ;- ഞാൻ വ്യക്തമാക്കിയിട്ടുള്ളതുപോലെ, പത്രോസിന്റെ പരമാധികാരത്തിൻ കീഴിൽ ശ്ലൈഹിക ലക്ഷണമുള്ള സഭ;- ഒരേ ക്രൂദാശ, ഒരേ പൂജ, ഒരേ വിശ്വാസപ്രമാണം, എന്നിങ്ങനെ ഒരേക തലവന്റെ കീഴിൽ അനുസരണത്തോടുകൂടി കഴിയുന്ന ഐകത്വലക്ഷണമുള്ള സഭ;- പരിശുദ്ധിയുടെ പരമോന്നതമായ ലക്ഷ്യത്തിലേക്ക് സ്വസന്താനങ്ങളെ നയിക്കയും അങ്ങനെ അനേകം പരിശുദ്ധരാൽ പരിവൃതമാക്കപ്പെട്ടുകൊണ്ടിരിക്കുന്നതുമായ വിശുദ്ധലക്ഷണമുള്ള സഭ ഏത്?

## അദ്ധ്യായം 3.

### സഭയുടെ അധികാരം, വിശുദ്ധി, സമാധാനം.

അപ്പസ്തോലന്മാരുടെ കാലത്ത് ഏക സഭയേ ഉണ്ടായിരുന്നുള്ളു എന്ന് ഏവരും സമ്മതിക്കുന്നു. ക്രിസ്തു സ്ഥാപിച്ച ഏക സത്യസഭ പിൽക്കാലങ്ങളിൽ ഓരോരോ സന്ദർഭങ്ങളിലായി ഉണ്ടായ ഛിദ്രസഭകളെയും പാഷാണ്ഡതകളെയും ശപിച്ചു ബഹിഷ്കരിച്ചുവെന്നുള്ളത് എല്ലാ ക്രൈസ്തവ സഭകളും സമ്മതിക്കുന്നുണ്ട്.

ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിച്ച അരിയോസിനെ ക്രിസ്ത്വബ്ദം 325 ൽ കൂടിയ നിക്യാ സൂനഹദോസും; പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെ നിഷേധിച്ച മക്കദോനിയോസിനെ– 381–ൽ കുസ്തന്തിനോപ്പിൾ സൂനഹദോസും; ക്രിസ്തുവിൽ രണ്ടു വ്യക്തിത്വമുണ്ടെന്നും, കന്യാമറിയത്തെ ദൈവമാതാവെന്നു പറയുവാൻ പാടില്ലെന്നും പഠിപ്പിച്ച നെസ്തോറിയോസി

നെ- 431-ൽ കൂടിയ എഫേസൂസ് സൂനഹദോസും ശപിച്ച് സഭയിൽനിന്നും ബഹിഷ്കരിച്ചുവെന്നുള്ളത് (നെസ്തോറിയൻ സഭയൊഴിച്ചുള്ള) എല്ലാ ക്രൈസ്തവ സഭാവിഭാഗങ്ങളും വിശ്വസിക്കയും, ഈ പാഷണ്ഡികളെ ശപിച്ച സൂനഹദോസുകളെ പൊതുസൂനഹദോസുകളായി പരിഗണിക്കയും ചെയ്യുന്നു.

ഇപ്രകാരമുള്ള അബദ്ധോപദേശങ്ങൾ പിന്നീടും തലപൊക്കിയിട്ടുണ്ട്. അതിന്റെ കർത്താക്കളെ ശപിക്കയും, പാഷാണ്ഡികളെ ബഹിഷ്കരിക്കയും ചെയ്തുകൊണ്ടിരിക്കുന്ന അധികാരമുള്ള സഭ ഏതാണെന്ന് ഏതൊരു ക്രിസ്ത്യാനിയും അറിഞ്ഞിരിക്കേണ്ടതല്ലേ?

കത്തോലിക്കേതര സഭകളിൽ ഏതെങ്കിലും ഒന്നാണ് കർത്താവു സ്ഥാപിച്ചതെങ്കിൽ, ആരിയോസ് മക്കദോനിയോസ്, നെസ്തോറിയോസ്, ആദിയായ പാഷണ്ഡികളെ ശപിച്ചത് ആ സഭയാണെന്നും, ഇപ്പോഴും അബദ്ധോപദേശം പഠിപ്പിച്ചുകൊണ്ടിരിക്കുന്നവരേ ശപിച്ചും ബഹിഷ്കരിച്ചും സത്യവിശ്വാസത്തെ അഭംഗം പാലിച്ചുകൊണ്ടിരിക്കുന്നുവെന്നും ആ സഭ തെളിയിക്കേണ്ടിയിരിക്കുന്നു.

അങ്ങനെ എങ്കിൽ ഭൂമുഖത്തുള്ള സകല ക്രൈസ്തവ സഭകളിലും കൂടിയുള്ളതിൽ കൂടുതൽ ജനസംഖ്യയുള്ള കത്തോലിക്ക സഭയെ ഏതു സൂനഹദോസിൽവച്ച്, എന്ന്. ശപിച്ചുവെന്ന് ആരെങ്കിലും പറയട്ടെ! ആരിയോസിനെയും, മക്കദോനിയോസിനെയും. നെസ്തോറിയോസിനെയും ബഹിഷ്കരിച്ച സൂനഹദോസുകൾ യാക്കോബായ സഭ സമ്മതിക്കുന്നുണ്ട്. വി. കുർബ്ബാന ചൊല്ലുന്ന 5-ാം തുബ്ദേനിൽ അതു വ്യക്തമായി പ്രസ്താവിക്കുന്നുമുണ്ട്.

കത്തോലിക്ക സഭയെ ശപിച്ചു ബഹിഷ്കരിച്ചുവെന്നു പറയുവാൻ ആർക്കും സാദ്ധ്യമല്ല. എന്നാൽ മററു ശീശ്മസഭകളെയും പാഷാണ്ഡികളെയും എന്നപോലെ യാക്കോബായ സഭയെ കൽക്കദോനിയാ സൂനഹദോസിൽ

ച്ചു് ശപിച്ചു ബഹിഷ്ക്കരിച്ചുവെന്നു പറയുവാൻ കത്തോലിക്കർക്കു കഴിയും. അതിനാൽ മാതൃസഭ കത്തോലിക്കസഭയാണെന്നും, കത്തോലിക്കസഭയിൽനിന്നു പിരിഞ്ഞുപോയതാണു് യാക്കോബായസഭയെന്നും നിർമ്മത്സരബുദ്ധികൾ സമ്മതിക്കാതെ തരമില്ല.

**യാക്കോബായസഭ തെറ്റുപറ്റാത്തതാണോ?** നെസ്തോറിയോസിന്റെ കാലംതുടങ്ങി അനേകം അബദ്ധോപദേശങ്ങൾ ലോകത്തുണ്ടായി. യാക്കോബായസഭ ഇപ്പോഴും വിശ്വസിക്കുന്ന അനേകം സത്യങ്ങൾക്കെതിരായി, "കൂദാശകൾ ഏഴില്ല," "ദിവ്യബലിയിൽ ക്രിസ്തു സന്നിഹിതനാകുന്നില്ല," "പട്ടക്കാരനോടു പാപം ഏററു പറയേണ്ട," "ദൈവമാതാവിനോടും വിശുദ്ധന്മാരോടും പ്രാർത്ഥിക്കരുതു്," "മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു മൗഢ്യമാണു്," എന്നിത്യാദി വിശ്വാസ വിപരീതങ്ങളായ അബദ്ധോപദേശങ്ങൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രൊട്ടസ്റ്റണ്ടു സഭകൾ 16-ാം നൂററാണ്ടുമുതൽ ആവിർഭവിച്ചിട്ടുണ്ടു്. യാക്കോബായസഭ ഒരു പൊതുസൂനഹദോസു വിളിച്ചുകൂട്ടി ഈ സഭകളെ ശപിക്കാതിരുന്നതെന്തുകൊണ്ടു്?

വിവാഹമോചനം, ജനനനിയന്ത്രണം, സ്ഥിതിസമത്വവാദം, നിർമ്മതപ്രസ്ഥാനം, എന്നിവയെ ഉൾക്കൊള്ളിച്ചുണ്ടായിട്ടുള്ള അബദ്ധോപദേശങ്ങളെ, ഒരു സൂനഹദോസുകൂടി യാക്കോബായ സഭ ശപിച്ചതായി അറിയുന്നില്ല. യാക്കോബായസഭ സത്യസഭയായിരുന്നെങ്കിൽ ഈ കാര്യങ്ങളിൽ ചുമതലയും കടപ്പാടും പ്രത്യക്ഷപ്പെടേണ്ടതായിരുന്നു.

പുരാതനകാലങ്ങളിൽ; ആരിയോസ്, നെസ്തോറിയോസ്, മുതലായവരെ ശപിച്ചതുപോലെ, 5-ാം നൂററാണ്ടിൽ ഏക സ്വഭാവവാദികളെയും 16-ാം നൂററാണ്ടിൽ പ്രൊട്ടസ്റ്റണ്ടുകാരെയും ശപിച്ചു സഭയിൽനിന്നു ബഹിഷ്ക്കരിക്കുകയും, ആധുനികകാലത്തു് സഭാവൈരികളും

ക്രിസ്തുമതവിദ്വേഷികളും ലോകമാകെ പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്ന അബദ്ധോപദേശങ്ങളെ എപ്പോഴും എതിർക്കയും ശപിക്കയും സത്യമാർഗ്ഗത്തെ ലോകത്തിനു കാണിച്ചുകൊണ്ടിരിക്കയും ചെയ്യുന്ന കത്തോലിക്കാ സഭയാണു സാക്ഷാൽ, ക്രിസ്തു സ്ഥാപിച്ച സഭയെന്നും, അതു മാത്രമാണു്, അന്നും ഇന്നും, ഇനി എന്നും സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നും, ഈ മാതൃസഭയിൽ നിന്നും പാഷാണ്ഡതയോ, ശീശ്മയോ നിമിത്തം ഓരോരോ കാലങ്ങളിൽ ബഹിഷ്കരിക്കപ്പെട്ട സഭകളോ, അവയുടെ ശാഖകളോ ആണു്, ഇന്നു ഭൂമുഖത്തുള്ള ഇതര ക്രൈസ്തവസഭകളെന്നും ചരിത്രം ചൂണ്ടിക്കാണിക്കുന്നു.

യാക്കോബായ സഭ ഇന്നൊരു സൂനഹദോസു വിളിച്ചുകൂട്ടുമെങ്കിൽത്തന്നെയും അതിൽ എത്ര മെത്രാന്മാർ സംബന്ധിക്കാനുണ്ടാകും. അതു ശുഭമായി പര്യവസാനിക്കുമോ?

നിക്യാ സൂനഹദോസിൽ– 318– മെത്രാന്മാരും, എഫേസൂസ് സൂനഹദോസിൽ– 200–ൽ അധികം മെത്രാന്മാരും. കൽക്കദോനിയാ സൂനഹദോസിൽ– 6[illegible]0 മെത്രാന്മാരും, സംബന്ധിച്ചിരുന്നു. 187[illegible]–ൽ വത്തിക്കാനിൽക്കൂടിയ 20–ാമത്തെ സൂനഹദോസിൽ 760 മെത്രാന്മാർ സന്നിഹിതരായിരുന്ന കത്തോലിക്കാ സഭയിൽ ഇപ്പോൾ രണ്ടായിരത്തിലധികം മെത്രാന്മാർ ഉണ്ടു്.

യാക്കോബായ സഭയ്ക്കു വിദേശത്തു്– 7 മെത്രാപ്പോലീത്തന്മാരും, സന്യാസസഭാംഗങ്ങളായ 3 മെത്രാന്മാരും, പാത്രിയർക്കീസിന്റെ ആലോചനാംഗങ്ങളായ– 2 മെത്രാന്മാരും, ഇങ്ങനെ പാത്രിയർക്കീസുൾപ്പെടെ –13 മേല്പട്ടക്കാർ മാത്രമാണുള്ളതു്. മലങ്കര സഭയിലെ ബാവാകക്ഷിയെക്കൂടി ചേർത്താൽ യാക്കോബായ സഭയ്ക്കു–1 മേല്പട്ടക്കാരാകും. മെത്രാൻ കക്ഷിയിലെ മേല്പട്ടക്കാരെക്കൂടി ചേർത്താലും– 2[illegible] മേല്പട്ടക്കാരിൽ കൂടുകയില്ല ഈ ഇരുപത്തിരണ്ടു മേല്പട്ടക്കാരും തമ്മിൽ യോജിക്കുമോ?

അങ്ങനെ ഒരു സുനഹദോസു നമുക്ക സ്വപ്നം കാണുവാൻ പോലും കഴിയുന്നതല്ല.

യാക്കോബായ സഭ കർത്താവു സ്ഥാപിച്ച സഭയാണെങ്കിൽ, അരുമരക്ഷകന്റെ തിരുവായ്മൊഴിക്കനുസരിച്ച് കടുക വൃക്ഷത്തിനു സമം പരിപോഷിച്ചു വളരാതെ നാൾക്കുനാൾ ശോഷിച്ചു വരുന്നത് എന്തുകൊണ്ട്?

“നരകവാതിലുകൾ സഭയ്ക്കെതിരായി പ്രബലപ്പെടുകയില്ലെന്നും, ലോകാവസാനത്തോളവും എല്ലാ നാളും കർത്താവു സഭയോടുകൂടി ഉണ്ടായിരിക്കുമെന്നും, പരിശുദ്ധാത്മാവു സകല സത്യത്തിലും സമാധാനപൂർവ്വം സഭയെ പരിപാലിക്കുമെന്നും അരുമനാഥൻതന്നെ അരുൾ ചെയ്തിട്ടുണ്ട്. ക്രിസ്തു സ്ഥാപിച്ച സഭ ഇപ്രകാരം സ്വർഗ്ഗീയസമാധാനത്തിന്റെ ഒരു പ്രതിച്ഛായ ആയിരിക്കണമെന്നുള്ളത് ന്യായമാണെങ്കിൽ ഈ സമാധാനപരമായ അന്തരീക്ഷം യാക്കോബായസഭയിൽ എന്നെങ്കിലും ഉണ്ടായിരുന്നുവെന്ന് ആർക്കെങ്കിലും തെളിവു നല്കുവാൻ കഴിയുമോ? ഇല്ലെങ്കിൽ യാക്കോബായ സഭ ക്രിസ്തു സ്ഥാപിച്ച സഭയാണെന്നു പറയാൻ ആർക്ക് എങ്ങനെ കഴിയും?

നിത്യരക്ഷയെ സംബന്ധിച്ച കാര്യങ്ങൾ തെററില്ലാത്തതും, വിശ്വാസയോഗ്യവും ആയിരിക്കേണ്ടതല്ലേ? തെററില്പോകാവുന്നതോ, തെററാവുന്നതോ, ആയ സഭ നിത്യരക്ഷയ്ക്കു പര്യാപ്തമല്ലെന്നും, അതു ദൈവസ്ഥാപിതമല്ലെന്നും, ന്യായമായി അനുമാനിക്കാവുന്നതാണ്. അന്ത്യോക്യാ പാത്രിയർക്കീസിന്റെ അധികാരത്തെ നിഷേധിച്ച് കാതോലിക്കാബാവായെ വാഴിച്ചിട്ട് ഇപ്പോൾ 37 കൊല്ലത്തോളമായിട്ടുണ്ട്. അന്നു മുതലിന്നോളം സഭയിലെ സമാധാനം ഇല്ലായ്മയും, കലഹങ്ങളും, കോടതിയിലെ കേസുകളും, ആർക്കാണ് സുവിദിതമല്ലാത്? സമാധാനമില്ലാത്ത ഒരു സഭയിൽ ആശ്വാസപ്രദനായ ‘റൂഹാ’ (പരിശുദ്ധാത്മാവ്) അധിവസിക്കുന്ന

ണ്ടോ? പരിശുദ്ധാത്മാവു സമാധാനപൂർവം പരിരക്ഷിക്കാത്ത സഭ ലക്ഷണയുക്തമാണോ? യേശുക്രിസ്തു സ്ഥാപിച്ച സഭയാണോ?

പരുമല സെമ്മിനാരിയിൽ വച്ചുണ്ടാക്കി പരിഷ്കരിച്ചതെന്നു് ഇന്നു പരക്കെ അറിയപ്പെടുന്നതു്, ബാർ എബ്രായുടെതെന്നും, പാരീസിലച്ചടിച്ചതാണെന്നും പറയുന്ന, സമുദായക്കേസിലെ 18 അക്കം കാനോൻ ഇന്നു കുപ്രസിദ്ധമല്ലേ? പിൽക്കാലത്തു സ്വയം മാർത്തോമ്മാധാരികളായ 'നവീകരണക്കാർ' കേസ്സിൽ തോല്ക്കുന്നതിനു കാരണമായ ഈ 'കപടാസ്ത്രം' തന്നെയല്ലേ, യാക്കോബായ സഭയിലെ മെത്രാൻ കക്ഷികളെയും ഇന്നു വിഷമിപ്പിച്ചുകൊണ്ടിരിക്കുന്നത്?

കോറിന്ത്യയിലെ ക്രിസ്ത്യാനികൾ അവിശ്വാസികളുടെ ന്യായാസനത്തിങ്കൽ പോയതറിഞ്ഞു്, വി. പൗലോസ് അവരെ ശാസിച്ചിട്ടുള്ളതു് നമ്മുടെ സമുദായക്കേസ്സുകാർ അറിഞ്ഞിട്ടില്ലെന്നു വരാം.

“നിങ്ങളിൽ ആർക്കെങ്കിലും തന്റെ സഹോദരനുമായി തർക്കം ഉണ്ടാകുമ്പോൾ, അവർ വിശുദ്ധന്മാരുടെ മുൻപാകെയല്ല, ദുഷ്ടന്മാരുടെ മുൻപാകെ വിസ്താരം നടത്താൻ തുനിയുന്നുവോ? അല്ല, വിശുദ്ധർ ലോകത്തെ വിധിക്കും എന്നു നിങ്ങൾ അറിയുന്നില്ലയോ? . . . ഒരു സഹോദരനെ അവന്റെ സഹോദരനുമായി രമ്യപ്പെടുത്തുവാൻ കഴിയുന്ന ഒരു ജ്ഞാനിപോലും നിങ്ങളുടെ ഇടയിൽ ഇല്ലല്ലേ? അല്ല, സഹോദരൻ തന്റെ സഹോദരനുമായി ന്യായവാദം ചെയ്യുന്നു! അതും അവിശ്വാസികളുടെ മുൻപാകെ! നിങ്ങൾക്കു തമ്മിൽ തർക്കമുണ്ടാകുന്നതുതന്നെ നിങ്ങൾക്കു കുററമായിക്കഴിഞ്ഞു. എന്തുകൊണ്ടു നിങ്ങൾ ദ്രോഹം സഹിച്ചുകൊള്ളാത്തൂ? മറിച്ച് നിങ്ങളുടെ സഹോദരന്മാരോടുതന്നെ അക്രമം പ്രവർത്തിക്കയും അവർക്കു നഷ്ടം വരുത്തുകയും ചെയ്യുന്നു. അല്ല, ദുഷ്ടന്മാർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലെന്നു നിങ്ങൾ അറിയുന്നില്ലയോ?

KOTTAYAM PUBLIC ... 14098 KOTTAYAM

കൊറിന്ത്യാക്കാർക്കുള്ള ഈ ശാസനം സമുദായക്കേസു നടത്തുന്നവർക്കും ന്യായമായിട്ടുള്ളതല്ലേ? അവിശ്വാസികളും ഉൾപ്പെട്ട കോടതിയിൽ സഭയുടെ വിശ്വാസാചാരങ്ങൾ, കൂദാശകൾ എന്നിങ്ങനെയുള്ള എന്തെല്ലാം കാര്യങ്ങളെ കുറിച്ചാണു് അവജ്ഞയുളവാകത്തക്കവണ്ണം വിസ്താരം നടന്നുകൊണ്ടിരിക്കുന്നതു്! പാത്രിയർക്കീസിന്റെ മുടക്കു സാധുവല്ലെന്നോ, കാതോലിക്കാക്കു പട്ടമില്ലെന്നോ, കാനോൻ വ്യാജമാണെന്നോ, ഏതെങ്കിലുംവിധം ഉണ്ടാകാവുന്ന വിധി എത്രകണ്ടു സ്വീകാര്യമായിരിക്കും! നമ്മുടെ കൂദാശകളുടെയും വിശ്വാസാചാരങ്ങളുടെയും, കല്പനകളുടെ സ്ഥിരീകരണത്തിനും സാധുത്വത്തിനുംവേണ്ടി ലൗകിക കോടതിയെ ആശ്രയിക്കാനിടയാകുന്നതു് എത്രമാത്രം ജുഗുപ്സാവഹമാണു്!

## അദ്ധ്യായം 4.

### ഏകസ്വഭാവവാദികൾ.

**ഏകസ്വഭാവവാദം.** "ക്രിസ്തുവിൽ ദൈവം, മനുഷ്യൻ, എന്നിങ്ങനെ രണ്ടു വ്യക്തിത്വം ഉണ്ടെന്നു നെസ്തോറിയോസു പഠിപ്പിച്ചു. എഫേസൂസ് സൂനഹദോസ് "ക്രിസ്തുവിൽ ഒരു വ്യക്തിത്വമേയുള്ളു," എന്നു പ്രഖ്യാപനം ചെയ്തു. "ക്രിസ്തുവിൽ ഒരു സ്വഭാവമേ ഉള്ളു" എന്നു് കുസ്തന്തീനോപ്പോളിലെ ഒരു സന്ന്യാസശ്രേഷ്ഠനായ എവുത്തിക്കോസു പഠിപ്പിക്കാൻ തുടങ്ങി. ക്രിസ്തുവിൽ ഏക വ്യക്തിത്വമേയുള്ളു എന്നു സ്ഥാപിക്കാൻ, ക്രിസ്തുവിൽ ഒരു സ്വഭാവമേയുള്ളു എന്നു് അബദ്ധം പഠിപ്പിക്കയാണു് അദ്ദേഹം ചെയ്തതു്.

ക്രിസ്തു സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനുമായ ഏക വ്യക്തിയാണു്. ദൈവികവും മാനുഷികവുമായ സ്വഭാവങ്ങൾ രണ്ടും പൂർണ്ണതയിൽ ഉള്ള ഒരു വ്യക്തി. ദൈവസ്വഭാവമില്ലെങ്കിൽ അത്ഭുതങ്ങളൊന്നും

ചെയ്യാൽ സാദ്ധ്യമല്ല. മനുഷ്യസ്വഭാവമില്ലെങ്കിൽ കഷ്ട പ്പെട്ടവാനോ, കരിശുമരണം പ്രാപിക്കാനോ കഴിയുന്ന തല്ല. അതിനാൽ എവുത്തിക്കോസിൻെറ അബദ്ധോപ ദേശത്തെ സഭ എതിർക്കേണ്ടിവന്നു.

448-ൽ കുസ്തന്തിനോപ്പിളിലെ പാത്രിയക്കീസായി രുന്ന പ്ലാവിയാൻ എവുത്തിക്കോസിനെ ശപിച്ചു. ഈ ഉപദേശം പരിത്യജിക്കാൻ മടിച്ച എവുത്തിക്കോസ് ലെഓൻ പാപ്പാസമക്ഷം അപ്പിൽ ബോധിപ്പിച്ചു. സൂനഹ ദോസ് കൂടിയെങ്കിലും നിയമാനുസാരമല്ലാതെ ദീയസ്കോ റോസ് സ്വേഛാനുസാരം നടപടികൾ കൈക്കൊണ്ടു പ്ലാവിയാനേ അവർ ദേഹോപദ്രവം ചെയ്കയും അദ്ദേഹം മൂന്നാംപക്കം മരിക്കയും ചെയ്തു.

മാർസിയാൻ ചക്രവർത്തി ആവശ്യപ്പെട്ടതനുസരി ച്ച് വീണ്ടും- 451-ൽ കൽക്കദോനിയായിൽ വച്ച് 630 മെത്രാന്മാരുൾപ്പെട്ട ഒരു സൂനഹദോസുകൂടി. എവുത്തി ക്കോസിനെ അദ്ദേഹത്തിൻെറ മെത്രാൻ ന്യായമായി മു ടക്കിയിരിക്കെ അദ്ദേഹത്തെ ചേർത്തുകൊൾകയും അദ്ദേഹ ത്തിൻെറ അബദ്ധോപദേശങ്ങൾക്കു പിൻബലം നല്കക യും, ന്യായരഹിതമായ സ്ഥാനത്തു് ഉറച്ചുനിന്നുകൊണ്ടു് ഘാതകത്വത്തിനു പ്രേരണ നല്കയും ചെയ്തു ദീയസ്കോ റോസിനെയും ഈ സൂനഹദോസു ശപിച്ചു. ക്രിസ്തുവിൽ ഏകസ്വഭാവമേയുള്ളു എന്നു ശഠിച്ചുനിന്ന പാഷാണ്ഡി കൾക്ക് 'ഏക സ്വഭാവവാദികൾ എന്നു പേരു ലഭിച്ചു.

ചില ഏക സ്വഭാവവാദികൾ എവുത്തിക്കോസി ൻെറ ഉപദേശത്തെ നിഷേധിച്ച് ക്രിസ്തുവിൽ ദൈവ ത്വവും മനുഷ്യത്വവും ഉണ്ടെന്നു വാദിച്ചു. എന്നാൽ കൽ ക്കദോനിയാ സൂനഹദോസിൻെറ നിശ്ചയങ്ങളനുസരി ച്ച് ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്ന് സമ്മതിക്കു വാൻ അവർ വിസമ്മതിച്ചു. എന്തുകൊണ്ടെന്നാൽ രണ്ടു സ്വഭാവമുണ്ടെന്നു സമ്മതിച്ചാൽ ക്രിസ്തുവിൽ രണ്ടു വ്യ ക്തികളുണ്ടെന്നു പഠിപ്പിച്ച നെസ്തോറിയൻ പാഷാണ്ഡ ത സ്വീകരിക്കേണ്ടി വരുമെന്ന് അവർ ശങ്കിച്ചു. അതി

നാൽ ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും പൂർണ്ണമായിട്ടുണ്ടെന്നും, ഒന്നു മറെറാന്നിൽ ലയിക്കാതെയും, അന്യോന്യം സമ്മിശ്രപ്പെടാതെയും ഒന്നായിത്തീർന്നിരിക്കുന്നുവെന്നും അവർ പഠിപ്പിച്ചു.

ഏകസ്വഭാവവാദികളുടെ ഒരു നേതാവും, പല ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള ദേഹവുമായ അന്ത്യോക്യായിലെ സേവേറിയോസിൻെറ പക്ഷക്കാർ 'ക്രിസ്തുവിൻെറ ശരീരം നശ്വരമാണെ'ന്നു പഠിപ്പിച്ചു. ജൂലിയൻ എന്ന മറെറാരു നേതാവ് 'ക്രിസ്തുവിൻെറ ശരീരം അനശ്വരമാ'ണെന്നു പഠിപ്പിച്ചു. ഒരു അറാം പട്ടക്കാരനായിരുന്ന തെമിസ്ീയസിൻെറ പക്ഷക്കാർ ക്രിസ്തുവിനു ദൈവത്തെപ്പോലെ സർവ്വജ്ഞത്വമില്ലെന്നു പഠിപ്പിച്ചു. ത്രിയററ്സ് എന്ന വേറൊരു കൂട്ടർ പ. ത്രിത്വത്തിനു വിഭിന്നങ്ങളായ മൂന്നു സ്വഭാവമുണ്ടെന്നു പഠിപ്പിച്ചു.

**വിദേശത്തെ യാക്കോബായക്കാർ**

ഇങ്ങനെ പല വിഭാഗക്കാരായി പിരിഞ്ഞ ഏകസ്വഭാവവാദികളെയെല്ലാം യാക്കോബ്ബ് ബുർദാനാ എന്ന സന്യാസി അക്ഷീണ പരിശ്രമം ചെയ്തു ഒരു സംഘടനയിൽ ആക്കിത്തീർത്തു. അദ്ദേഹം എദേസായിലെ മെത്രാനും, പൌരസ്ത്യദേശത്തെ ഏകസ്വഭാവവാദികളുടെയെല്ലാം മെത്രാപ്പോലീത്തായുമായിത്തീർന്നു. അവരുടെ ഐക്യം ദൃഢമാക്കുന്നതിനുവേണ്ടി അനേകം പട്ടക്കാരെയും 87 മെത്രാന്മാരെയും, 2 പാത്രിയർക്കീസുമാരെയും വാഴിച്ചു. ഇദ്ദേഹത്തിൻെറ കാലത്തോടുകൂടി സിറിയായിലും എജിപ്തിലും ഉണ്ടായിരുന്ന ഏകസ്വഭാവവാദികൾ "യാക്കോബായക്കാർ," എന്നു സ്വയം സംബോധന ചെയ്തുതുടങ്ങി. വി കുർബ്ബാനയിൽ 5-ാം തുബ്ദെനിൽ, "സത്യവിശ്വാസത്തെ നിലനിറുത്തിയ നീതിമാനും പരിശുദ്ധനുമായ ഞങ്ങളുടെ ബാവാ മാർ യാക്കോബ് ബുർദാനായെയും ഞങ്ങൾ ഓർക്കുന്നു" എന്നു ചൊല്ലിവരുന്നു. ഇ

ങ്ങനെ ആറാംനൂററാണ്ടിലാണ് വിദേശത്തു യാക്കോബായ സഭ ഉണ്ടായതു്.

യാക്കോബായ സഭയുടെ സിംഹാസനം അന്ത്യോക്യയിലാണെന്നുള്ള നമ്മുടെ നാട്ടുകാരുടെ ധാരണ തെററാണ്. അന്ത്യോക്യാ പാത്രിയർക്കീസ് മാർപ്പാപ്പാ തിരുമേനിയുടെ പരമാധികാരത്തിനു വിധേയനാണ്. എന്നാൽ യാക്കോബായ സിംഹാസനം 'മർട്ടിനി'ലാണ്.

നിക്യാസൂനഹദോസു സാധുവാണെന്നു്, യാക്കോബായക്കാർ സമ്മതിക്കുന്നുണ്ടു്. അര്യോസുകൂട്ടരെ ആ സൂനഹദോസിൽ വച്ചാണു ശപിച്ചതു്. അതുകൊണ്ടു് അതു സാധുവാണെന്നു് അര്യോസു കൂട്ടർ സമ്മതിക്കുന്നില്ല. മക്കദോനിയോസും കൂട്ടരും രണ്ടാമത്തെ സൂനഹദോസിൽവച്ചു് ശപിക്കപ്പെട്ടു. അതിനാൽ ആ സൂനഹദോസ് അസാധുവാണെന്നവരും പറയുന്നുണ്ടു്. ആദ്യത്തെ രണ്ടു സൂനഹദോസും സാധുവാണെന്നു സമ്മതിക്കുന്ന നെസ്തോറിയോസും കൂട്ടരും തങ്ങളെ ശപിച്ച മൂന്നാമത്തെ സൂനഹദോസ് അസാധുവാണെന്നു പറയുന്നു. അതുപോലെ മററു മൂന്നു സൂനഹദോസും സാധുവാണെന്നു സമ്മതിക്കുന്ന യാക്കോബായക്കാർ തങ്ങളെ ശപിച്ച (4-ാമത്തെ) കൽക്കദോനിയാ സൂനഹദോസ് അസാധുവാണെന്നു പറയുന്നു. ഗ്രീക്കു ശീശ്മക്കാർ ആദ്യത്തെ 7 സൂനഹദോസും സമ്മതിക്കുന്നു. എന്നാൽ അവരെ ശപിച്ച 8-ാമത്തെ സൂനഹദോസ് നിഷേധിക്കുന്നു. 'പൂർവകത്തോലിക്കർ,' എന്നു സ്വയം സംബോധന സ്വീകരിക്കുന്നവർ തങ്ങളെ ശപിച്ച 20-ാമത്തെ സൂനഹദോസ് അസാധുവാണെന്നു പറയുകയും അതിനുമുമ്പുള്ള 19 സൂനഹദോസുകളും സ്വീകരിക്കയും ചെയ്യുന്നു.

ആരിയോസ്, മക്കദോനിയോസ്, നെസ്തോറിയോസ് എന്നീ പാഷണ്ഡികളെ ശപിച്ച ആദ്യത്തെ മൂന്നു സൂനഹദോസുകളും സ്വീകാര്യമായിരുന്ന യാക്കോബായ സഭയ്ക്കു് ആ സഭകളെ ശപിച്ച അതേ അധികാരമുപയോഗിച്ചു്, എവുത്തിക്കോസ്, ദീയസ്കോറോസ് എന്നീ

വരെ ശപിച്ച കൽക്കദോനിയാ സൂന്നഹദോസ് സ്വീകാര്യമല്ലാതിരിക്കാനുള്ള ന്യായം എന്താണ്?

## അദ്ധ്യായം 5.

### പോർട്ടുഗീസുകാർ വരുത്തിക്കൂട്ടിയ നാശങ്ങൾ

**മാർത്തോമ്മാക്രിസ്ത്യാനികൾ** 1498–ലാണ് പോർട്ടുഗീസുകാർ ഇവിടെ വരുന്നത്. അവർ വരുമ്പോൾ ഇവിടെയുണ്ടായിരുന്ന മാർത്തോമ്മാക്രിസ്ത്യാനികൾ കത്തോലിക്കരായിരുന്നുവെന്നു ഇതിനു ധാരാളം തെളിവുകൾ ഉണ്ട്. ഇവിടത്തെ സുറിയാനിക്രിസ്ത്യാനികളെ ഭരിക്കുന്നതിനു ബാബേലിൽനിന്നും സുറിയാനി മെത്രാന്മാർ വന്നുകൊണ്ടിരുന്നു. റീത്തിൽ (ഭാഷ) മാത്രമേ പോർട്ടുഗീസുകാരും ഇവിടത്തെ മാർത്തോമ്മാ ക്രിസ്ത്യാനികളും തമ്മിൽ വ്യത്യാസം ഉണ്ടായിരുന്നുള്ളൂ. 1503-ൽ ബാബേൽ സിംഹാസനത്തിൽ വാണിരുന്ന മാർ ഏലിയാസ് പാത്രിയർക്കീസ് 4 മെത്രാന്മാരെ കേരളത്തിലേക്കയക്കുകയുണ്ടായി. ഇൻഡ്യയിൽ കണ്ണൂരിൽ താമസിച്ചിരുന്ന പോർട്ടുഗീസുകാർ ഈ മെത്രാന്മാരെ വളരെ ബഹുമാനപൂർവം സ്വീകരിച്ചു.

ഇവിടത്തെ സുറിയാനി ക്രിസ്ത്യാനികളേ ഭരിക്കാൻ മാർപ്പാപ്പായുടെ പരമാധികാരത്തിനു വിധേയമായ ബാബേൽ പാത്രിയർക്കീസയച്ച മെത്രാന്മാരേ പോർട്ടുഗീസുകാർ ബഹുമാനിച്ചു സ്വീകരിച്ചതിൽനിന്നും എന്താണു മനസ്സിലാക്കേണ്ടത്? ഇവിടെ വന്ന പോർട്ടുഗീസുകാരും, ഇവിടത്തെ മാർത്തോമ്മാക്രിസ്ത്യാനികളും മാർപ്പാപ്പായ്ക്കു കീഴ്പ്പെട്ടു ഭരിക്കപ്പെട്ടിരുന്ന കത്തോലിക്കർ ആയിരുന്നു. പോർട്ടുഗീസുകാർ ലത്തീൻറീത്തുകാരും, മാർത്തോമ്മാക്രിസ്ത്യാനികൾ നമ്മുടെ കർത്താവീശോമിശിഹാ ഉപയോ

ഗിച്ചിരുന്ന അറമൊസ്സും, സുറിയാനി റീത്തുകാരുമായിരുന്നു
വെന്ന വ്യത്യാസം മാത്രമാണുണ്ടായിരുന്നത്.

ഏതു വിധേനയും ബാബേൽ പാത്രിയർക്കീസിന്റെ അധികാരത്തിൽനിന്നും മാർത്തോമ്മാക്രിസ്ത്യാനികളെ തങ്ങളുടെ അധികാരത്തിൻകീഴാക്കണമെന്ന് പോർട്ടുഗീസുകാർ കരുതി. അതിനനുകൂലമായ കുടിലതന്ത്രങ്ങൾ ഉപയോഗിക്കുവാൻ അവർ മടിച്ചിരുന്നില്ല. ഈ സന്ദർഭത്തിൽ 1554 - 57 എന്നീ വർഷങ്ങളിൽ ബാബേലിൽനിന്നു രണ്ടു മെത്രാന്മാർ മലങ്കരയിലേക്കു വന്നു. അവർ മാർ യൗസേപ്പും, മാർ അബ്രാഹവും ആയിരുന്നു. ഇവർ നെസ്തോറിയരാണെന്നു പറഞ്ഞ് പോർട്ടുഗീസുകാർ ഇവരെ പല പ്രകാരത്തിൽ പീഡിപ്പിക്കയും തടവിൽ പാർപ്പിക്കയും ഒടുവിൽ ഗോവ വഴി പോർട്ടുഗലിലേക്കയക്കയും ചെയ്തു. ഇവർ ആ വഴി റോമിലേക്കാനയിക്കപ്പെടുകയും, റോമിൽ ഇവരെ പരിശോധിക്കയും ചെയ്തു. മാർപ്പാപ്പാ അവരെ വളരെ ബഹുമാനിച്ചു. മാർ യൗസേപ്പിനെ കർദ്ദിനാൾസ്ഥാനത്തേക്കുയർത്താൻ തീരുമാനിച്ചു. മാർ അബ്രഹാമിനെ അങ്കമാലിയുടെ മെത്രാനായി വീണ്ടും കേരളത്തിലേക്കയക്കയുണ്ടായി. അപ്പോഴും പോർട്ടുഗീസുകാർ ഇദ്ദേഹത്തെ പലപ്രകാരത്തിലും പീഡിപ്പിച്ചെങ്കിലും 1597-ൽ കാലംചെയ്യുന്നതുവരെ മലങ്കരയെ പ്രശംസനീയമായി ഭരിക്കയുണ്ടായി. അനന്തരം മാർപ്പാപ്പായിൽനിന്നു പ്രത്യേകം അധികാരം ലഭിച്ചതനുസരിച്ച് ഗോവാ മെത്രാപ്പോലീത്താ ആയിരുന്ന ദോം മെനസിസ്, കേരളസുറിയാനിക്കാരെ ഭരിക്കുന്നതിനുവേണ്ടി ഫ്റാൻസീസ് റോസ് എന്ന പോർട്ടുഗീസു വൈദികനെ വികാരി അപ്പസ്തോലിക്ക ആയി അയക്കുകയുണ്ടായി. ഈ അധികാരലബ്ധി പോർട്ടുഗീസുകാരുടെ ക്രമരഹിതമായ പ്രേരണ ചെലുത്തലിന്റെ ഫലമായിട്ടായിരുന്നുവെന്ന് ചില ചരിത്രകർത്താക്കൾ വ്യാഖ്യാനിക്കുന്നുണ്ട്.

മെനസിസ് കേരളത്തിൽ വന്ന് ഉദയംപേരൂർ

വച്ച് ഒരു സൂനഹദോസു വിളിച്ചുകൂട്ടുകയുണ്ടായി. "ബാബേൽ പാത്രിയർക്കീസ് മർശെമഓൻ ശീശ്മക്കാരനും പാഷണ്ഡിയുമാണെന്നും വി. കുബ്ബാനയിൽ അദ്ദേഹത്തെ സ്മരിക്കരുതെന്നും" കല്പന പുറപ്പെടുവിച്ചു. ഇതു കേരളീയ സുറിയാനി ക്രിസ്ത്യാനികൾക്കു ഹൃദയവേദനയ്ക്കു കാരണമായി. മർ ശെമഓൻ മാർപ്പാപ്പായിൽനിന്നും സ്ഥാനവസ്ത്രം (പാലിയം) ലഭിച്ചിരുന്ന സംപൂജ്യനായിരുന്നതുകൊണ്ടും, സുറിയാനി ഭരണക്രമം നശിക്കുന്നതുകൊണ്ടും, കേരളസുറിയാനിക്രിസ്ത്യാനികൾ ഇക്കാര്യത്തിൽ വൈമനസ്യം പ്രദർശിപ്പിച്ചു. പലരും എതിർത്തെങ്കിലും എതിർത്തവരെല്ലാംതന്നെ പിന്നിട്ട പശ്ചാത്താപം പ്രകടിപ്പിക്കുകയുണ്ടായി.

1599- ഫെബ്രുവരി ഒന്നാം തിയതി മെനസീസ് ഗോവായിൽ എത്തുന്നു. "സകല വൈദികരും, പള്ളിയോഗത്തിൽനിന്നു തിരഞ്ഞെടുക്കുന്ന- 4 പ്രതിനിധികളും സൂനഹദോസിൽ സംബന്ധിക്കണമെന്നും, അനാരോഗ്യംമൂലമല്ലാതെ (മനപ്പൂർവ്വം) സൂനഹദോസിൽ സംബന്ധിക്കാതിരിക്കുന്ന വൈദികരെ മഹറോൻ ശിക്ഷയിൽ ഉൾപ്പെടുത്തുമെന്നും" ഒരു കല്പന പുറപ്പെടുവിക്കുന്നു.

ഈ കല്പന അനുസരിക്കുന്നതിനും, അതിനെ ഭയപ്പെടുന്നതിന് കേരളക്രിസ്ത്യാനികൾ കത്തോലിക്കരല്ലായിരുന്നെങ്കിൽ ആവശ്യമുണ്ടായിരുന്നില്ലല്ലോ. കേരളത്തിൽ ആകമാനമുള്ള ക്രിസ്ത്യാനികൾ ഈ കല്പന അക്ഷരംപ്രതി അനുസരിച്ചിരിക്കുന്നതിൽനിന്നും ഇവിടത്തെ മാർത്തോമ്മാക്രിസ്ത്യാനികൾ മാർപ്പാപ്പായ്ക്കു കീഴ്പ്പെട്ടു ജീവിച്ചിരുന്ന കത്തോലിക്കരായിരുന്നുവെന്നു വ്യക്തമാണല്ലോ!

**കൂനൻകുരിശുസത്യവും അതിന്റെ കാരണവും** പോർട്ടുഗീസു മെത്രാന്മാരുടെ ഭരണത്തിൽ അസന്തുഷ്ടരായ മലങ്കരക്രിസ്ത്യാനികൾ വിദേശിയായ് ഒരു സുറിയാനി മെത്രാനെ അക്ഷമയോടുകൂടെ പ്ര

തീക്ഷിച്ചിരുന്ന കാലത്താണ് മാർ അഹത്തല്ലായുടെ വരവ്. അദ്ദേഹം 1652-ൽ മൈലാപ്പൂരിൽ വന്നു.

മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിങ്കൽ പോയിരുന്നവരും, വൈപ്പിക്കോട്ട സെമ്മിനാരിയിൽ പഠിച്ചിരുന്നവരുമായ, ചെങ്ങന്നൂർ ചെങ്കയിൽ ഇട്ടി, കുറവിലങ്ങാട്ട കിഴക്കേടത്തു കുര്യൻ, എന്ന രണ്ടു ശെമ്മാശ്ശന്മാരെ മൈലാപ്പൂരിൽ ജെസ്യൂട്ട് ആശ്രമത്തിൽ താമസിച്ചിരുന്ന മാർ അഹത്തല്ലാ കാണുന്നു. അദ്ദേഹം ശെമ്മാശന്മാർ വഴി ഒരു കത്തു കൊടുത്തയക്കുന്നു. ആ കത്തിൽ "താൻ മലങ്കര സുറിയാനിക്കാരുടെ ഭരണത്തിനു നിശ്ചയിക്കപ്പെട്ടിരിക്കയാണെന്നും നമ്മുടെ നാഥനായ മാർപ്പാപ്പായിൽ നിന്നു സകല അധികാരങ്ങളും തനിക്കു നല്കപ്പെട്ടിരിക്കുന്നെന്നും, നിങ്ങളുടെ സർവവിധ ആവശ്യങ്ങളും നിറവേറ്റാനുള്ള കഴിവു തന്നിൽ നിക്ഷിപ്തമായിട്ടുണ്ടെന്നും, താൻ ഇൻഡ്യാ മുഴുവൻെറയും, ചൈനയുടെയും പാത്രിയർക്കീസാണെന്നും, രണ്ടു വൈദികരും 40 ആൾക്കാരും തൻെറ പക്കലേക്കയക്കപ്പെടണമെന്നും, മൈലാപ്പൂരിൽ ഈശോസഭക്കാരുടെ ആശ്രമത്തിൽ തല്ക്കാലം താമസിക്കയാണെന്നും, ഈശോസഭക്കാരായ സന്യാസിമാർ തന്നോട്ട ദയവായും ബഹുമാനമായും പെരുമാറുന്നുവെന്നും" മറ്റും വിശദമായി വിവരിച്ചിരുന്നു.

ഈ ലേഖനം മൂലവും അന്നിവിടെയുണ്ടായിരുന്ന മാർത്തോമ്മാക്രിസ്ത്യാനികൾ കത്തോലിക്കരായിരുന്നുവെന്നു തെളിയുന്നു.

കേരളത്തിൽ സുറിയാനി മേധാവിത്വം എങ്ങനെയും നശിപ്പിച്ച് തങ്ങളുടെ ആധിപത്യം സ്ഥാപിക്കാൻ ഏതു പരിശ്രമങ്ങൾക്കും തയ്യാറായിക്കൊണ്ടിരുന്ന പോർട്ടുഗിസുകാർ അവരുടെ ആധീനത്തിൽ വന്നുചേർന്ന മാർ അഹത്തല്ലായെ, മൈലാപ്പൂരിൽനിന്നും കപ്പൽ കയറ്റി ബോംബെക്കു കൗക്കുള്ള ഗോവക്ക് അയക്കുകയാണുണ്ടായത്. കപ്പൽ മാർഗ്ഗമദ്ധ്യേ കൊച്ചിയിൽ അടുക്കുമെന്നുണ്ടായ അറിവനുസരിച്ച്, അക്കാലം മലങ്കരസഭയെ ഭരിച്ചി

രുന്ന തോമ്മാ അർക്കദിയാക്കോൻ 25000 ഭടന്മാരോടു കൂടി കൊച്ചിയിൽ എത്തുകയും, കൊച്ചീകോട്ടയുടെ അധികാരിയോട് മാർ അഹത്തല്ലായെ വിട്ടുതരണമെന്നാവശ്യപ്പെടുകയും ചെയ്തു.

ഈ സന്ദർഭത്തിൽ, മാർ അഹത്തല്ലായെ കടലിൽ കെട്ടിത്താഴ്ത്തിക്കൊന്നുകളഞ്ഞുവെന്ന ഒരു ശ്രുതി ജനതാമദ്ധ്യത്തിൽ പരന്നു. നിരാശാഭരിതരായ ജനാവലിയുടെ ചേതോവികാരം ഊഹിച്ചുകൊള്ളുകയായിരിക്കും നല്ലത്.

“മാർ അഹത്തല്ലായെ വിട്ടുതരണം. അദ്ദേഹത്തെ കടലിൽ കെട്ടിത്താഴ്ത്തിക്കൊന്നെങ്കിൽ സുറിയാനി ഭാഷ പരിചയമുള്ളവരും ഈശോസഭക്കാർ (പൗലിസ്ത്യർ) അല്ലാത്തവരുമായ, മറ്റേതെങ്കിലും സന്യാസസഭയിൽ ഉൾപ്പെട്ട ആരെങ്കിലും മാർപ്പാപ്പായുടെ അധികാരപത്ര സഹിതം ഞങ്ങളെ ഭരിക്കാൻ വരണം. എന്നാൽ ഈ പൗലിസ്ത്യർ ആയിരിക്കരുത്. അവർ പരിശുദ്ധ റോമ്മാ സഭയുടെ പരമശത്രുക്കളാകുന്നു.” എന്നുള്ള ഒരു കത്ത് അർക്കദിയാക്കോൻ മുഖാന്തിരം കൊച്ചി കോട്ടയിലെ അധികാരിക്ക് ജനങ്ങൾ കൊടുത്തയക്കുന്നു. കല്പിത്താനാകട്ടെ, അനുകൂലമായ യാതൊരു മറുപടിയും നല്കിയില്ല. അഹത്തല്ലായെ ഗോവക്കും, പിന്നെ പോർട്ടുഗലിലേക്കും, അവിടെനിന്നും റോമിലേക്കും കൊണ്ടുപോയിയെന്നു ചരിത്രസാക്ഷ്യങ്ങളുണ്ട്. അദ്ദേഹത്തെ കെട്ടിത്താഴ്ത്തിക്കൊന്നുവെന്നുള്ള ശബ്ദം സത്യമായിരുന്നില്ല. ആരോ പരത്തിയ ആ വ്യാജവാർത്ത കാട്ടുതീപോലെ പടർന്നുപിടിക്കുകയാണുണ്ടായത്. ഫ്രാൻസിൽവച്ചാണ് അദ്ദേഹം കാലധർമ്മം പ്രാപിച്ചത്.

പോർട്ടുഗീസുകാരുടെ നിചനീചമായ ഈ പെരുമാററം മലങ്കര സുറിയാനിക്രിസ്ത്യാനികളിലുണ്ടാക്കിയ മനോവേദന ആഴമേറിയതും അതിൻെറ ചൂട് ഘോരാഗ്നിയെക്കാൾ ഭയാനകവും ആയിരുന്നു. അവർ മാർ അഹത്തല്ലായെ കെട്ടിത്താഴ്ത്തിയില്ലെങ്കിലും അതിനും അവർ മടിക്കുമായിരുന്നില്ലെന്ന് പല പിതാക്കന്മാരെയും

അവർ നിർദ്ദയം പീഡിപ്പിച്ചിരുന്നുവെന്നുള്ളതിൽനിന്നും വെളിപ്പെടുന്നുണ്ട്.

ഒരു വിധത്തിലും സഹ്യമല്ലാതിരുന്ന ഈ പെരുമാററം, "പോർട്ടുഗീസുകാരുമായി സന്തതിയുള്ളോരു കാലവും സംസർഗ്ഗം ഉണ്ടാകാതെ കഴിക്കയാണ വേണ്ടതെന്നുള്ള തീരുമാനത്തിൽ അന്നത്തേ മട്ടാഞ്ചേരിക്കൂട്ടം എത്തിച്ചേർന്നെങ്കിൽ അതിൽ അസ്വാഭാവികമായി എന്താണുള്ളതു? മട്ടാഞ്ചേരിയിലേ പ്രസിദ്ധമായ കരിശിൽ കയറും കയറിന്മേൽ അലാത്തുകളും കെട്ടി, അന്നവിടെ കൂടിയ സകല മാർത്തോമ്മാക്രിസ്ത്യാനികളും, ആ കയറിലും അലാത്തുകളിലുമായി പിടിച്ചുകൊണ്ടു, "മേലാൽ സന്തതിയുള്ളോരു കാലം പോർട്ടുഗീസു മെത്രാന്മാരുടെ കീഴിൽ കഴികയില്ലെന്നു" സത്യംചെയ്തു. ഇതാണ പ്രസിദ്ധമായ "കൂനൻകുരിശു സത്യം."

കത്തോലിക്ക സഭയിൽനിന്നു വേർപ്പെടുന്നുവെന്നായിരുന്നില്ല, കൂനൻകുരിശു സത്യം. പോർട്ടുഗീസുകാരുമായുള്ള സമ്പർക്കം എന്നെന്നേയ്ക്കുമായി ഉപേക്ഷിച്ചിരിക്കുന്നുവെന്നു മാത്രമായിരുന്നു. ഈ വാസ്തവം മനസ്സിലാകാതെയുള്ള നമ്മുടെ സഹോദരന്മാരുടെ പെരുമാററം കാര്യകാരണങ്ങളെക്കുറിച്ചുള്ള അജ്ഞതയല്ലെങ്കിൽ മററെന്താണ്? അഥവാ അങ്ങനെ ഒരു സത്യം ചെയ്തുവെന്നു വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെയും ദൈവപുത്രനായ മിശിഹായുമായി ഒരു കാലത്തും യോജിക്കയില്ലെന്നു ഒരു സത്യം ചെയ്തുവെന്നിരിക്കട്ടെ!— ആ സത്യം പരിപാലിക്കാൻ നമുക്കു കടമയുണ്ടോ? ആജീവനാന്തം അസത്യത്തിൽ കഴിഞ്ഞുകൂടിക്കൊള്ളാമെന്നോ, അധർമ്മം പ്രവർത്തിച്ചുകൊള്ളാമെന്നോ ഒരു സത്യം ചെയ്തുവെങ്കിൽ ആ സത്യം പാലിക്കാൻ നമുക്കു കടമയുണ്ടോ? നമ്മുടെ ധർമ്മബോധം അതിന്നനുവദിക്കുമോ? പെട്ടെന്നുണ്ടായ തീവ്രമായ മാനസീക വികാരാവേശങ്ങൾക്കു വിധേയരായി അങ്ങനെ ഒരു സത്യം ചെയ്തുപോയെങ്കിൽത്തന്നെയും, ക്രിസ്തുസ്ഥാപിച്ച സഭ കത്തോലിക്ക

സഭയാണെങ്കിൽ, വിവേകരഹിതമായി ചെയ്തുപോയ ആ സത്യത്തെ ലംഘിച്ചു ആത്മരക്ഷ സമ്പാദിക്കേണ്ടതു് തികച്ചും ആവശ്യം അല്ലേ?

തോമ്മാ അർക്കദിയാക്കോനേ മെത്രാൻവേഷം കെട്ടിക്കുന്നു്

കൂനൻകുരിശു സത്യത്തിനു ശേഷം നിരാശാതിമിരത്താൽ അന്ധരായ മലങ്കര സുറിയാനിക്രിസ്ത്യാനികളെ, കല്ലിശ്ശേരിൽ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ ഒരു ചതിപററിക്കുന്നു. തോമ്മാ അർക്കദിയാക്കോനെ മെത്രാനായി വാഴിച്ചുകൊള്ളാൻ മാർ അഹത്തള്ളാമുഖേന മാർപ്പാപ്പാ അനുവാദം നല്കിയിട്ടുണ്ടെന്നുള്ള വ്യാജപ്രസ്താവന ആയിരുന്നു ആ ചതി. ഈ വ്യാജപ്രസ്താവനയുടെ തണലിൽ ആലങ്ങാട്ടുപള്ളിയിൽ വച്ചു് യോഗംകൂട്ടുകയും, 1653- മെയ് 22-ാം നു- പെന്തക്കോസ്തു ഞായറാഴ്ച 12 പട്ടക്കാരുടെ കൈവെപ്പോടുകൂടി അർക്കദിയാക്കോനെ മെത്രാനായി വേഷംകെട്ടിക്കുന്നു. അദ്ദേഹത്തിൻെറ ആലോചനക്കാരായി, കടുത്തുരുത്തി ഇടവക കടവിൽ ചാണ്ടികത്തനാർ, കുറവിലങ്ങാട്ടു് ഇടവക പള്ളിവീട്ടിൽ ചാണ്ടികത്തനാർ, അങ്കമാലി ഇടവക വെണ്ടൂർ ഗീവർഗ്ഗീസു കത്തനാർ, കല്ലിശ്ശേരി ഇടവക ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ, ഇങ്ങനെ 4 പട്ടക്കാരെ തിരഞ്ഞെടുത്തു.

കൂനൻകുരിശു സത്യം കത്തോലിക്ക സഭയെയും മാർപ്പാപ്പായെയും വെറുക്കുന്നവെന്നുള്ളതായിരുന്നെങ്കിൽ, ഇട്ടിത്തൊമ്മൻ കത്തനാർ, തൻെറ വ്യാജപ്രസ്താവനയിൽപ്പോലും, മാർപ്പാപ്പാമാർ അഹത്തള്ളാ വഴിയായി അർക്കദിയാക്കോനെ മെത്രാനായി വാഴിക്കാൻ അനുവാദം നല്കിയിട്ടുണ്ടെന്നു പ്രസ്താവിക്കേണ്ട ആവശ്യം ഉണ്ടോ? മാർപ്പാപ്പായെ നിഷേധിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിൻെറ അനുവാദത്തിൻെറ ആവശ്യം എന്താണ്? കത്തോലിക്ക സഭയോടോ, മാർപ്പാപ്പായോടോ, ഉണ്ടായ വെറുപ്പു

മൂലമല്ല, 'സത്യം' നടന്നതെന്ന് ഇട്ടുപ്പ് റൈട്ടരും പ്രസ്താവിക്കുന്നു.

മലങ്കര സഭയിൽ ഭിന്നതയുണ്ടായ വിവരം 7-ാം അല്ക്സാണ്ടർ മാർപ്പാപ്പാ അറിഞ്ഞ് വളരെ ദുഃഖിക്കയും, പ്രതിനിധിയായി, ജോസഫ് സെബസ്ത്യാനി എന്ന കർമ്മലീത്താ വൈദികനെ- 1565-ൽ കേരളത്തിലേക്കയക്കുകയും ചെയ്തു.

എത്ര പട്ടക്കാർ കൂടിയാലും മെത്രാനെ വാഴിക്കാൻ (പട്ടംകൊടുക്കാൻ) അവക്കവകാശം ഇല്ലെന്നും, ഇട്ടിത്തൊമ്മൻ കത്തനാരുടെ പ്രസ്താവന വ്യാജമാണെന്നും ബോദ്ധ്യപ്പെട്ടതനുസരിച്ച് അക്കദിയാക്കോന്റെ ഭാഗത്തു നിന്നിരുന്ന പലരും ഗാർസിയാമെത്രാപ്പോലീത്താ (പോർട്ടുഗീസ്) യ്ക്കു വിധേയരായി. ഇങ്ങനെ തിരികെ പ്പോയവരുടെ കൂട്ടത്തിൽ അക്കദിയാക്കോന്റെ ആലോചനക്കാരായ കടവിൽ ചാണ്ടികത്തനാരും, പള്ളിവീട്ടിൽ ചാണ്ടികത്തനാരും ഉൾപ്പെടുന്നു.

കൂനൻകുരിശു സത്യം കഴിഞ്ഞ് രണ്ടുകൊല്ലക്കാലംകൊണ്ട് 25 പള്ളിക്കാരോളം അക്കദിയാക്കോന്റെ ഭാഗത്തുനിന്നു മാറി. ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരുടെ അനന്തിരവനായ ഒരു ശെമ്മാശൻ, അമ്മാവന്റെ പ്രസ്താവന വ്യാജമാണെന്നു വെളിപ്പെടുത്തികൊണ്ട് അദ്ദേഹവും ഗാർസ്യാ മെത്രാപ്പോലീത്തായ്ക്കു കീഴ്പ്പെട്ടു. അങ്ങനെ 114 പള്ളികൾ അക്കദിയാക്കോന്റെ കീഴുണ്ടായിരുന്നതിൽ 84 പള്ളികൾ ഗാർസ്യാം മെത്രാപ്പോലീത്തായ്ക്കു കീഴ്പ്പെട്ടു. അക്കദിയാക്കോനാകട്ടെ, അനധികൃതമായ തന്റെ മെത്രാൻപട്ടം സാധുവാണെന്നു സമ്മതിച്ചെങ്കിൽ മാത്രമേ ശീശ്മ ഉപേക്ഷിക്കയുള്ളുവെന്നു ശഠിച്ചു.

# അദ്ധ്യായം 6.

## കേരളത്തിലെ കത്തോലിക്കേതര സഭകൾ.

**കേരളത്തിൽ യാക്കോബായ സഭയുടെ ഉത്ഭവം**

അർക്കദിയാക്കോൻെറ പട്ടം സാധുവാക്കുന്നതിന് ബാബേൽ, അന്ത്യോക്യാ അലക്സാണ്ഡ്റിയാ എന്നിവിടങ്ങളിലേ യാക്കോബായ പാത്രിയക്കീസുമാരുമായി എഴുത്തുകുത്തുകൾ നടത്തുകയും, അങ്ങനെ മർദ്ദീനിലെ യാക്കോബായ പാത്രിയക്കീസ്, മാർ ഗ്രിഗോറിയോസ് എന്ന മെത്രാനെ കേരളത്തിലേ ക്കയക്കുയും ചെയ്തു.

മാർ ഗ്രിഗോറിയോസു കേരളത്തിൽ വന്ന്, "മാർപ്പാപ്പാ നെസ്തോറിയോസിനേപ്പോലെ പാഷാണ്ഡിയാണ്; അന്ത്യോക്യാസിംഹാസനമാണ് ലോകത്തിൻെറ സഭാശിരസ്സും മാതാവും; മിശിഹായിൽ ഒരു സ്വഭാവമേ ഉള്ളൂ; പരിശുദ്ധാത്മാവു പിതാവിൽനിന്നു മാത്രമാണു പുറപ്പെടുന്നതു്; ശുദ്ധീകരണസ്ഥലം ഇല്ല; പുളിച്ച അപ്പം ഉപയോഗിച്ചെങ്കിലേ കുർബ്ബാനസാധുവാകയുള്ളൂ." എന്നിങ്ങനെയുള്ള ഉപദേശങ്ങൾ നല്കി. മാർ ഗ്രിഗോറിയോസിൻെറ പുതിയ ഉപദേശം കൈക്കൊണ്ട അർക്കദിയാക്കോൻെറ കക്ഷിക്ക്, <u>പുത്തൻകൂറെന്നും</u>, പഴയ പടിയിൽത്തന്നെ നിന്നവക്ക് <u>പഴയകൂറെന്നും</u> പേരുണ്ടാകയും ചെയ്തു. ഇങ്ങനെ 17-ാം നൂററാണ്ടിലാണ് കേരളത്തിൽ യാക്കോബായ സഭ ഉണ്ടാകുന്നതു്.

**തൊഴിയൂർ (അഞ്ചൂർ) സഭയുടെ ഉത്ഭവം.**

ഒന്നാം ദിവന്നാസിയോസിന്, മാർ ഗ്രിഗോറിയോസു പട്ടം നല്കിയ അതേ വർഷം തന്നെ മുളന്തുരുത്തി സ്വദേശിയായ കാട്ടുമങ്ങാട്ട റമ്പാനും മെത്രാൻ പട്ടം നല്കി. അദ്ദേഹം കൂറില്ലോസ് എന്ന

നാമം സ്വീകരിച്ചു. ഇദ്ദേഹത്തെ കൊച്ചിയിലും സമീപപ്രദേശത്തും ഉള്ള മെത്രാനായി ബഹുമാനിച്ചു. എന്നാൽ ഒന്നാം ദിവന്നാസിയോസ് മാർ ക്കുറില്ലോസിനെ സംബന്ധിച്ച് മഹാരാജാവു സമക്ഷം സങ്കടം ബോധിപ്പിക്കയും, അതനുസരിച്ച്, കൊച്ചിയിലും തിരുവിതാംക്കൂറിലും ഉള്ള അദ്ദേഹത്തിന്റെ അധികാരം നഷ്ടപ്പെടുത്തി രാജകല്പന ഉണ്ടാകയും ചെയ്തു. അതിനാൽ അദ്ദേഹം ബ്രി. അധികാരത്തിൽപ്പെട്ട അഞ്ഞൂർ അഥവാ— തൊഴിയൂർ താമസിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ചാർച്ചക്കാരെയും, അനുയായികളെയും ഭരിച്ചു തുടങ്ങി.

പ്രൊട്ടസ്റ്റണ്ടുകാരായ മിഷ്യനറിമാരുടെയും മററും പ്രേരണയാൽ 1837-ൽ 6000-ത്തോളം യാക്കോബായക്കാർ പ്രൊട്ടസ്റ്റണ്ടുകാരായി.

**നവീകരണക്കാർ.** 1875-ൽ കേരളത്തിൽ വന്ന പത്രോസ് എന്ന യാക്കോബായ പാത്രിയർക്കീസ്, പാലക്കന്നത്തു മത്ത്യൂസ് മാർ അത്തനാസിയോസിനെ മഹറോൻ ചൊല്ലുകയിൽ അദ്ദേഹത്തെ അനുകൂലിച്ചു നിന്ന ഒരു ലക്ഷത്തോളം യാക്കോബായക്കാർ അന്ത്യോക്യാ ബന്ധം നിശ്ശേഷം ഉപേക്ഷിച്ച്, 'നവീകരണക്കാർ,' അഥിത്തിരുകയും പിന്നീട് "മാർത്തോമ്മാക്കാർ," എന്നു സ്വയം പ്രഖ്യാപിക്കയും ചെയ്തു.

**സമുദായക്കേസിന്റെ ബീജം.** ഇതുകൊണ്ടൊന്നും പുത്തൻകൂററിലെ ഭിന്നതയും അസമാധാനവും മാറിയില്ല. 1909-ൽ കേരളത്തിൽ വന്ന അബ്ദുല്ലാപാത്രിയർക്കീസ് "മലങ്കരയാക്കോബായ പള്ളിവസ്തുക്കളുടെമേലും തനിക്കധികാരമുണ്ടെ"ന്നു വാദിച്ചു. വട്ടശ്ശേരിൽ മാർ ഗീവർഗ്ഗീസു ദിവന്നാസിയോസ്, "ആദ്ധ്യാത്മിക കാര്യങ്ങളിലല്ലാതെ അധികാരമില്ലെ"ന്നും വാദിച്ചു. ഇക്കാരണം വച്ച് അബ്ദുല്ലാ വട്ടശ്ശേരി തിരുമേനിയെ മഹറോൻ ചൊല്ലി.

എന്നാൽ അബ്ദുല്ലാക്കു മുൻപ് അന്ത്യോക്യാ സിംഹാസനത്തിൽ വാണിരുന്ന ആളും ടക്കി സുൽത്താൻ "ഫിർമാൻ," (അധികാരപത്രം) പിൻവലിക്കയാൽ ഭരണാധികാരം നഷ്ടപ്പെട്ട് വിദേശത്തു താമസിച്ചിരുന്ന ആളുമായ അബ്ദുൽ മിശിഹായെ വട്ടശ്ശേരി തിരുമേനി കേരളത്തിലേക്കു ക്ഷണിച്ചു. അദ്ദേഹം ഇവിടെ വന്ന് വട്ടശ്ശേരി തിരുമേനിയുടെ മഹറോൻ ഒഴിച്ചു.

ഓർത്തഡോക്സ് കാർ മേലാൽ അന്ത്യോക്യയെ ആശ്രയിക്കാതെ കേരളത്തിൽ മെത്രാന്മാരെ വാഴിക്കാൻ മപ്രിയാൻ (കാതോലിക്കാസ്ഥാനം) സ്ഥാപിച്ച് മുറിമററത്ത് മാർ ഈവാനിയോസിനെ ബസേലിയോസ് എന്ന നാമത്തിൽ പ്രഥമ കാതോലിക്കാബാവാ യായി വാഴിച്ചു. അന്നുമുതൽ, കാതോലിക്കാബാവായെ വാഴിച്ച കൂട്ടർ "ഓർത്തഡോക്സ് കാർ" ആയി.

പാത്രിയക്കീസിന്റെ ഭാഗത്തുനിന്നവർ ബാവാകക്ഷിക്കാരായിത്തീന്നു.

ഈ രണ്ടു കക്ഷികളും തമ്മിൽ അന്നു തുടങ്ങി ഇന്നോളം ഒടുങ്ങിയിട്ടില്ലാത്ത സമുദായക്കേസു സുപ്രസിദ്ധമാണല്ലോ!

അന്ത്യോക്യാ പാത്രിയക്കീസിന്ന് മലങ്കര സഭാവസ്തുക്കളുടെമേൽ അധികാരമുണ്ടോ? ഇല്ലയോ? വട്ടശ്ശേരിൽ മാർ ഗീവർഗ്ഗീസു ദിവന്നാസിയോസിനെ മഹറോൻ ചൊല്ലിയതു സാധുവോ അസാധുവോ? ടക്കി സുൽത്താൻ 'ഫിർമാൻ' പിൻവലിക്കയാൽ അബ്ദുൽ മിശിഹാ സ്ഥാനഭ്രഷ്ടനായിരിക്കുന്നതു സാധുവാണോ? മഹറോൻ ഒഴിക്കാൻ അദ്ദേഹത്തിനധികാരമുണ്ടോ? എന്നിങ്ങനെ ഗൗരവതരങ്ങളായ പ്രശ്നങ്ങൾക്ക് സമാധാനം ഉണ്ടാക്കാനത്രെ കോടതി കയറിയിരിക്കുന്നത്.

## അദ്ധ്യായം 7.

### "ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡ് പ്രസ്ഥാനം.

ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡ് പ്രസ്ഥാനം പ്രസിദ്ധമാണല്ലോ. "പ്രൊട്ടസ്റ്റണ്ടു സഭകളെ അപ്പസ്തോല കാലത്തെ സഭയോടു അനുയോജ്യപ്പെടുത്തുക' എന്ന ധാർമ്മിക ഉദ്ദേശ്യത്തോടുകൂടിയാണ് ഈ പ്രസ്ഥാനം ആരംഭിച്ചതു്. ഇതിൻെറ പ്രാരംഭ പ്രവർത്തകർ ഭുവനപ്രസിദ്ധരായ, ഹെൻട്രി ന്യൂമാൻ, ജോൺ കേബിൾ, എഡ്വാർഡ് പുസ്സി, ജയിംസ് റോസ്സ്, എന്നിവരായിരുന്നു. ഈ മഹാ പണ്ഡിതന്മാർ അനേകമനേകം ലഘുലേഖകളും പുസ്തകങ്ങളും പ്രസിദ്ധം ചെയ്കയും, ധാരാളം പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. ഒടുവിൽ വിദ്യാസമ്പന്നരും അന്വേഷണശീലരുമായ ന്യൂമാനും മററു ചില നേതാന്മാരും അനേകം വൈദികരോടൊരുമിച്ച് കത്തോലിക്കാ തിരുസഭാമാതാവിൻെറ മടിയിൽ അഭയം പ്രാപിക്കയാണുണ്ടായതു്. പിന്നീടു കർദ്ദിനാളന്മാരായ മാനിങ്ങ്, അലിസ്സ്, മാററൂരിൻ, എന്നീ പണ്ഡിതാഗ്രേസരന്മാരും, ഫാഫേബർ. ജി. കെ. ചെസ്റ്റേർട്ടൻ, സ്റ്റോർഡാസ്, മോൺ. ബൻസൺ. മോൺ. നോക്സ് എം. ഏ; മാർട്ടിൻ ഡയൽ. S. J. ഡാക്ററർ ഓർച്ചാർഡ് വെർണൽ ജോൺസൻ, മാക്ഗില്ലിവ്രേ, M. A. അർണോൾ ഡലൺ എന്നീ സുപ്രസിദ്ധ സാഹിത്യകാരന്മാരും പിന്നീടു കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു.

ഒരു പ്രൊട്ടസ്റ്റണ്ടു രാജ്യമായി പരിണമിച്ച ഇംഗ്ലണ്ടിലും വെയിത്സിലുമായി ഇപ്പോൾ വെസ്ററുമിനിസ്റ്റർ എന്ന ഒരു കത്തോലിക്കാ അതിരൂപതയും, 15 രൂപതകളും, 4000-ത്തോളം പട്ടക്കാരും, 2000-ത്തോളം ദേവാലയങ്ങളും പൊതുസ്ഥാപനങ്ങളും ഇരുപതുലക്ഷ

ത്തിലധികം കത്തോലിക്ക് അൽമായ ജനങ്ങളും ഇന്നു ണ്ട്. ഇങ്ങനെ 'ഓക്സ്ഫോർഡ്' പ്രസ്ഥാനം ഒരു സത്യം ലോകത്തെ വിളിച്ചറിയിക്കുന്നുണ്ട്. അതു് എന്താ ണ്? സത്യസഭാന്വേഷികൾ നിശ്ചയമായും കത്തോ ലിക്ക തിരുസഭയെ കണ്ടെത്തുകയും ഈശോമിശിഹാ യുടെ മണവാട്ടിയായ കത്തോലിക്ക തിരുസഭയുടെ മക്ക ളായി ജീവിക്കുയും ചെയ്യുമെന്നുള്ളതുതന്നെ.

## അദ്ധ്യായം 8.

### പുനരൈക്യശ്രമങ്ങൾ.

I

ഒന്നാമത്തെയും നാലാമത്തെയും അഞ്ചാമത്തെയും മാർത്തോമ്മ മാർ പുനരൈക്യശ്രമം നടത്തിയെങ്കിലും ഫലം ഉണ്ടായില്ല. 6-ാം മാർത്തോമ്മാ വീണ്ടും പുനരൈ ക്യത്തിനു ശ്രമിക്കുന്നു. അദ്ദേഹം കരിയാററിൽ മല്പാൻ വഴിക്കാണ് പുനരൈക്യശ്രമങ്ങൾ നടത്തിയതു്. കരി യാററിൽ മല്പാൻ റോമിൽ വൈദികവിദ്യാഭ്യാസം ക ഴിച്ച് തിരിച്ചെത്തിയ ആളായിരുന്നു. പുനരൈക്യത്തിലു ള്ള ആകാംക്ഷമൂലം വളരെ ക്ലേശങ്ങൾ സഹിച്ച് അദ്ദേ ഹം വീണ്ടും റോമിലേക്കു പോകുന്നു. യാത്രാമദ്ധ്യേ പോർ ട്ടുഗലിലെ രാജ്ഞിയെക്കണ്ടു് ഇക്കാര്യം ധരിപ്പിക്കുയും ഒര പേക്ഷ കൊടുക്കുയും ചെയ്യുന്നു. അനന്തരം റോമ്മിലെത്തി 6-ാം പിയൂസ് പാപ്പാ തിരുമേനിയുമായി ഇക്കാര്യത്തിൽ സമ്പർക്കത്തിലേപ്പെടുന്നു. മല്പാൻെറ നിരവധി ക്ലേശങ്ങൾ ക്കുശേഷം ഗോവാ പാത്രിയക്കീസിൻെറ പ്രതിപുരുഷ ൻെറ സന്നിധിയിൽ വച്ചു് പുനരൈക്യപ്പെടുന്നതിനു് 6-ാം മാർത്തോമ്മായ്ക്കു് അനുവാദം ലഭിക്കുന്നു.

കരിയാററിൽ മല്പാനും തോമ്മാകത്തനാരും റോമിൽ നിന്നുള്ള തിരിച്ചു മടക്കത്തിൽ പോർട്ടുഗലിൻെറ

തലസ്ഥാനമായ ലിസ്ബത്തിൽ എത്തുന്നു. XI-ാം ക്ലമൻറു മാർപ്പാപ്പാ മല്പാനെ കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാനായി നിശ്ചയിച്ച് കല്പന പോർട്ടുഗലിലേക്കയക്കുന്നു. ലിസ്ബത്തിൽ വച്ചു മല്പാനെ മെത്രാപ്പോലീത്തായായി വാഴിക്കുന്നു. വളരെ ക്ലേശങ്ങൾക്കുശേഷം മെത്രാനും തോമ്മാക്കത്തനാരും ഗോവയിൽ വന്നെത്തി. നിർഭാഗ്യമേ!- കരിയാററിൽ മെത്രാപ്പോലീത്ത ഗോവയിൽവച്ച് അകാലമൃത്യുവിന്നിരയായിത്തീരുന്നു. ഇതു പോർട്ടുഗീസുകാരുടെ ചതിവാണെന്നു സംശയിക്കപ്പെടുന്നു. സത്യം ദൈവംമാത്രം അറിയുന്നു.

6-ാം മാർത്തോമ്മായുടെയും അദ്ദേഹത്തിൻെറ അധീനതയിലുള്ള അൻപതിനായിരത്തോളം ജനങ്ങളുടെയും ആത്മരക്ഷയെക്കുറിച്ചുണ്ടായിരുന്ന 'ദാഹം'കൊണ്ടത്രെ മല്പാനും തോമ്മാക്കത്തനാരും വർണ്ണനാതീതമായ അക്കാലത്തെ യാത്രാക്ലേശങ്ങളെ നേരിട്ടതു്. കരിയാററിൽ മെത്രാപ്പോലീത്തായുടെ കാലശേഷം പുനരൈക്യശ്രമങ്ങൾ താമസമായി എങ്കിലും ഒടുവിൽ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെയും തച്ചിൽ മാത്തുത്തരകൻെറയും പരിശ്രമഫലമായി തത്തംപള്ളിയിൽ(ആലപ്പുഴ) വി. മിഖായേലിൻെറ പള്ളിയിൽവച്ച് 6-ാം മാർത്തോമ്മായും അനുയായികളും പുനരൈക്യപ്പെടുന്നു. എന്നാൽ കൊച്ചിമെത്രാൻ മാർത്തോമ്മായെ, മെത്രാനെന്നനിലയിൽ സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നു ഖണ്ഡിച്ചു പറകകയാൽ അദ്ദേഹം നിരാശനായി പ്രൊട്ടസ്റ്റൻറു മിഷനറിമാരുമായി സഹകരിച്ച് ജീവിക്കയാണു പിന്നീടുണ്ടായതു്.

ചേപ്പാട്ടു തിരുമേനി നാലാം മാർ ദിവന്നാസിയോസ്, പുലിക്കോട്ടു തിരുമേനി 5-ാം മാർ ദിവന്നാസിയോസ്, എന്നീ തിരുമേനിമാരും പിന്നീടു പുനരൈക്യശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

ജാതൈക്യസംഘം. പുലിക്കോട്ടു തിരുമേനിയുടെയും (5 ാം മാർ ദിവന്നാസിയോസ്)

മററും പുനരൈക്യശ്രമങ്ങൾ എങ്ങനെ പരിണമിച്ചുവെന്നു ഗ്രഹിച്ചിരിക്കുന്നതു രസാവഹമായിരിക്കും. കുറവിലങ്ങാട്ടു ഇടവക നിധിയിരിക്കൽ മാണിക്കത്തനാർ അവർകളുടെയും മററും പരിശ്രമഫലമായി "ജാതൈക്യസംഘം" എന്ന ഒരു പ്രസ്ഥാനം സൃഷ്ടമായി. പഴയ കൂറുകാരും പുതിയ കൂറുകാരും തമ്മിൽ എങ്ങനെയും ഒരു യോജിപ്പുണ്ടാകണമെന്നായിരുന്നു ആഗ്രഹം. അതിനു പോംവഴിയായി ഇരുകൂട്ടരും കൂടി ഒരു കോളജുണ്ടാക്കുന്നതു നന്നായിരിക്കുമെന്നു നിശ്ചയിച്ചു. സംഘത്തിൻെറ വകയായി, ഇപ്പോഴത്തെ 'മനോരമകെട്ടിടവും, M. D. സെമ്മിനാരി ഇരിക്കുന്ന സ്ഥലവും ഒരു ബംഗ്ലാവും, 15 ഏക്കർ ഭൂമിയുംകൂടി 'ഡാറാ' സായ്പിനോട്- 3500 രൂപാ വിലയ്ക്കു വാങ്ങുന്നു. ഈ പണം അധികവും നിധിയിരിക്കൽ മാണിക്കത്തനാർ പഴയകൂറുകാരിൽ നിന്നു പിരിച്ചെടുത്തതാണ്. പുത്തൻകൂറുകാർ തങ്ങളോടൊരുമിച്ച് സത്യസഭയുടെ മക്കളായി സഹോദരൈക്യത്തിൽ കഴിഞ്ഞുകൂടുവാൻ പഴയകൂറുകാർക്കുള്ള ആഗ്രഹം, എത്ര വലിയ ക്ലേശങ്ങളും ത്യാഗങ്ങളും സഹിക്കുവാൻ അവരെ സന്നദ്ധരാക്കിയിരുന്നു. അതിനാൽ അകമഴിഞ്ഞ ആനന്ദത്തോടുകൂടി മാണിക്കത്തനാരുടെ പരിശ്രമങ്ങൾക്ക് പഴയകൂറുകാർ ധാരാളമായ പ്രോത്സാഹനം നല്കിക്കൊണ്ടിരുന്നു.

പുലിക്കോട്ടു തിരുമേനി, മാണിയച്ചനേയും കട്ടക്കയത്തിൽ ചാണ്ടിക്കത്തനാരെയും കൂട്ടിക്കൊണ്ട് അന്ന് ഊട്ടക്കമണ്ടിൽ താമസിച്ചിരുന്ന മാർപ്പാപ്പായുടെ പ്രതിനിധിയായ അന്ത്രയോസ് അയൂത്തി തിരുമേനിയെ സന്ദർശിച്ചു 'നവീകരണം' സ്ഥാപിച്ച മത്യൂസ് മാർ അത്തനാസിയോസുമായുണ്ടായിട്ടുള്ള കേസ്സ് ഗുണമായാലും ദോഷമായാലും- എങ്ങിനെ പരിണമിച്ചാലും- തിരുസഭയുമായി പുനരൈക്യപ്പെട്ടുകൊള്ളാമെന്നു സമ്മതിച്ചു.

എന്നാൽ കേസ്സു യാക്കോബായക്കാർക്കു ഘൃണകരമായി പരിണമിക്കയും, പുനരൈക്യവാഗ്ദാനങ്ങളിൽനിന്നും താങ്കശ്ശ്രമങ്ങളിൽ നിന്നും പിന്മാറുകയാണുണ്ടായതു്.

ഈ പിന്മാററത്തോടുകൂടി കോട്ടയത്തെ സ്ഥലവും കെട്ടിടവും കൈവശമാക്കാനുള്ള പണി അവർ ആലോചിച്ചു തീർച്ചപ്പെടുത്തിയിരുന്നു. അവിവാഹിതരായ കത്തോലിക്കാ പട്ടക്കാരെ ഓടിക്കാനും അങ്ങനെ വസ്തുവകകൾ കൈവശമാക്കാനും, സഭാര്യനായി ഒരു യാക്കോബായ വൈദികനെ അവിടെ താമസമുറപ്പിക്കയാണുണ്ടായതു്. കത്തോലിക്കാ വൈദികർ ഒഴിഞ്ഞോടുകതന്നെ ചെയ്തു. അങ്ങനെ കോട്ടയത്തെ 'ജാത്യൈക്യസംഘ'ത്തിന്റെ പൊതുക്കെട്ടിടവും സ്ഥലവും 'സാമർത്ഥ്യ'പൂർവ്വം കൈവശമാക്കി. ഈ കഥകളെ സ്പർശിച്ചു് 'മനോരമ'പത്രാധിപർ ശ്രീ മാമ്മൻമാപ്പിള അവർകൾ സ്വ 'ജീവിതസ്മരണ'കളിൽകൂടി, ഈ കൈവശപ്പെടുത്തലിൽ അടങ്ങിയിരിക്കുന്ന 'വിദഗ്ദ്ധ' മനോഭാവത്തെ നീതീകരിച്ചു് 'മനോരമ' ആഴ്ചപ്പതിപ്പിൽ എഴുതിക്കൊണ്ടിരുന്ന ലേഖനം ചരിത്രസത്യത്തിന്റെ മുൻപിൽ ഒരതിശയചിഹ്നം പോലെ പലരും കണ്ടിരിക്കുമല്ലോ! അദ്ദേഹത്തിന്റെ പ്രസിദ്ധമായ 'വ്യവസായവൈദഗ്ദ്ധ്യം' പ്രകാശിപ്പിക്കുന്ന ആ ലേഖനത്തേയോ, ആ വിഷയത്തേയോ സ്പർശിച്ചു് എന്തെങ്കിലും ഒരു പ്രസ്താവന പുറപ്പെടുവിക്കാൻ ഒരു കത്തോലിക്കനും മുതിർന്നുകണ്ടില്ല! ലോകം അതിന്റെ ഒടുങ്ങാത്ത ഭൗതിക ആർത്തിക്കുവേണ്ടി കൊള്ളുന്ന വെമ്പൽ കണ്ടില്ലെന്നു തന്നെ കരുതുന്നതു്, ബുദ്ധിപൂർവ്വമായിരിക്കുമല്ലോ! ഇപ്പോഴും ആ കൈവശപ്പെടുത്തലിനെ നീതികരിക്കാൻ ചെയ്യുന്ന ശ്രമങ്ങൾ കാണുമ്പോൾ, ശവക്കല്ലറകൾക്കു വെള്ളപൂശുന്ന കാഴ്ചയാണു് മനോദർപ്പണത്തിൽ പ്രതിബിംബിക്കുന്നതു്:

# അദ്ധ്യായം 9

## പുനരൈക്യശ്രമങ്ങൾ.

## II.

അന്തഃകരണം അവസരോചിതം.

1923-ൽ വട്ടിപ്പണക്കേസിന്റെ അപ്പീൽ ഓർത്തഡോക്സ് കക്ഷിക്കപ്രതികൂലമായി വന്നതോടുകൂടി അന്ത്യോക്യയുമായി രമ്യപ്പെടണമെന്നുള്ള ഉദ്ദേശത്തോടുകൂടി വട്ടശ്ശേരി തിരുമേനി അന്ത്യോക്യയിലേക്കു പോയി. യാത്രാമദ്ധ്യേ ബാഗ്ദാദിലെ കത്തോലിക്ക മെത്രാനെ സന്ദർശിച്ച് പുനരൈക്യാലോചനകൾ നടത്തി. തിരിച്ചുള്ള യാത്രയിൽ ബാഗ്ദാദു വഴി വരണമെന്നു കരുതിയിരുന്നെങ്കിലും മാർ ജൂലിയോസ് (ബാവാകക്ഷി) കൂടിയുണ്ടായിരുന്നതിനാൽ കത്തോലിക്ക മെത്രാനെ വീണ്ടും കാണുന്നതിനു സൗകര്യം ഉണ്ടായില്ല.

വട്ടശ്ശേരി തിരുമേനി നാട്ടിൽ വന്നശേഷം, അന്ത്യോക്യയിലെ യാക്കോബായ സഭയിൽനിന്നും പുനരൈക്യപ്പെട്ട അന്ത്യോക്യാസുറിയാനികത്തോലിക്കരുടെ പാത്രിയർക്കീസായ മാർ അപ്രേം റഹമ്മനിയുടെ ഒരു കത്തു് അദ്ദേഹത്തിനു കിട്ടുന്നു. "അന്ത്യോക്യാ യാത്രയിൽ വട്ടശ്ശേരി തിരുമേനി തന്നെ സന്ദർശിച്ചില്ലല്ലോ എന്നു പരിഭവിച്ചും, സ്ഥാനമാനാദികൾക്കു കുറവൊന്നും വരാതെതന്നെ പുനരൈക്യം സാധിക്കാമെന്നും മറ്റും അകത്തിൽ എഴുതിയിരുന്നു. വട്ടശ്ശേരി തിരുമേനി യാക്കോബായ വൈദികരെയെല്ലാം വിളിച്ചുകൂട്ടി ഈ കത്തു കാണിക്കയും മറുപടി എഴുതാൻ മാർ ഈവാനിയോസ് തിരുമേനിയെ ചുമതലപ്പെടുത്തുകയും ചെയ്തു. "ഐക്യപ്പെടുവാൻ ഇഷ്ടമാകുന്നെങ്കിലും ജനങ്ങളുമായി ആലോചിക്കാതെ അതു സാദ്ധ്യമല്ല," എന്നായിരുന്നു മറുപടി

വീണ്ടും മാർ റഹമ്മാനിയുടെ കത്തു കിട്ടുകയും, നിരണം സ്വദേശിയായ ഇ. ജെ. ജോൺ ആദിയായ പ്രമുഖ വ്യക്തികളുമായി ആലോചിച്ചശേഷം, "നേരിട്ടു റോമയുമായി എഴുത്തുകുത്തു നടത്തി അനുവാദം വാങ്ങി പുനരൈക്യപ്പെടുന്നതാണ് നല്ലതു്," എന്നു തീരുമാനിക്കയും ആ വിവരം റഹമ്മാനി തിരുമേനിയെ അറിയിക്കയും ചെയ്തു.

അനന്തരം 1926– നവംബർ 17–ാം നു ഓർത്ത ഡോക്സ് കക്ഷിയിൽപ്പെട്ട എല്ലാ മേല്പട്ടക്കാരും.– രണ്ടാമത്തെ കാതോലിക്കാബാവാ മാർ ഗീവർഗീസ് (വാകത്താനം) വട്ടശ്ശേരി മാർ ദിവന്നാസിയോസ്, ഇപ്പോഴത്തെ കാതോലിക്കാ ബാവാ (അന്നു കണ്ടനാട്ടുമെത്രാൻ) നി)യൂവാക്കീംമാർ ഈവാനിയോസ് (കണ്ടനാട്ടുമെത്രാൻ) ബഥനിമെത്രാൻ മാർ ഈവാനിയോസ് (ഇപ്പോൾ തിരുവനന്തപുരം അതിരൂപതാമെത്രാപ്പോലീത്താ) എന്നീ അഞ്ചു തിരുമേനിമാരുൾപ്പെട്ട,– ഒരു സൂനഹദോസിൽ വച്ചു് പുനരൈക്യാലോചന നടത്തുകയുണ്ടായി. "യാക്കോബായ സഭയിലെ കുഴപ്പങ്ങൾ പരിഹരിക്കുന്നതിനുള്ള ഏക മാർഗ്ഗം കത്തോലികാതിരുസഭയുമായി പുനരൈക്യപ്പെടുന്നതാണെന്നും, അതിനുവേണ്ടിയുള്ള എഴുത്തുകുത്തുകൾ നടത്തുന്നതിനു ബഥനിമെത്രാൻ മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തുന്നുവെന്നും സൂനഹദോസും നിശ്ചയം പാസ്സാക്കി. അതനുസരിച്ച്, കൊല്ലം പെററിസെമ്മിനാരി റെക്ടരായിരുന്ന ഫാ. റിബയിരാവഴി, പേരു വയ്ക്കാതെയും, എന്നാൽ ആരാണ് എഴുതുന്നതെന്നും മററുമുള്ള വിവരം ഗ്രഹിപ്പിക്കുന്നതിനു, ഫാ. റിബയിരായെ ചുമതലപ്പെടുത്തിയും മാർ ഈവാനിയോസു തിരുമേനി റോമുമായി എഴുത്തുകുത്തു നടത്തി. മാർ ഈവാനിയോസിനു് ഫാ. റിബയിരാവഴി പേരുവയ്ക്കാതെ തന്നെ ലഭിച്ച മറുപടിക്കത്തിൽ, "പൗരസ്ത്യമെത്രാന്മാരെയും മററും പുനരൈക്യപ്പെടുത്തുന്നതു സംബന്ധിച്ച്

റോമ്മിൽനിന്നും ചെയ്തിട്ടുള്ള പല സംഗതികളെപ്പററിയും ക്രോഡീകരിച്ച് ഈ വിഷയത്തിൽ തിരുസഭയുടെ നയം എന്തായിരിക്കുമെന്നു വ്യക്തമാക്കിയിരുന്നു.

റോമിലെ ഈ മറുപടി അനുസരിച്ച്, ഓത്തഡോക്സ് കക്ഷിയിലെ മേല്പട്ടക്കാരെല്ലാം ഒപ്പു വച്ച ഒരു കത്തു മാർ ഈവാനിയോസു വഴി റോമിലേക്കയച്ചു. "പുനരൈക്യപ്പെട്ടവാനുദ്ദേശിക്കുന്ന കാതോലിക്കാ ബാവായെയും, മററു മേല്പട്ടക്കാരെയും, അവരവരുടെ സ്ഥാനത്തിനനുയോജ്യമായ അധികാരപരിധിയിൽ സ്ഥിരപ്പെടുത്തണമെന്നും, ഇവിടെ നിലവിലിരിക്കുന്ന അന്ത്യോക്യൻ സിറിയൻ റീത്തു് അംഗീകരിക്കണമെന്നും," ആ കത്തിൽ അപേക്ഷിച്ചിരുന്നു.

പുനരൈക്യപ്പെട്ടവാനുദ്ദേശിക്കുന്ന മേൽപ്പട്ടക്കാരടിയായി എല്ലാം പട്ടക്കാരുടെയും, പട്ടവും മററും ശരിയാണോ? കത്തോലിക്ക വിശ്വാസത്തിനു വിപരീതമായ പഠനങ്ങളുണ്ടോ? എന്നുംമററും അന്വേഷണം നടത്തിയശേഷം, 1930 ജൂലൈമാസത്തിൽ സമ്മേളിച്ച കർദ്ദിനാൾ സംഘത്തിൽ വച്ച്, XI-ാംപീയൂസു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു്, "മലങ്കരസഭയിൽ നിന്നും പുനരൈക്യപ്പെട്ടവാനുദ്ദേശിക്കുന്ന മേല്പട്ടക്കാരെയും മററും അവരവരുടെ സ്ഥാനത്തിലും അധികാരത്തിലും സ്ഥിരപ്പെടുത്തി, അന്ത്യോക്യൻ റീത്തു പാലിക്കുവാൻ അനുവദിച്ച് തിരുസഭയിൽ സ്വീകരിക്കുവാൻ തീരുമാനിച്ചു." കർദ്ദിനാൾ സംഘത്തിൻെറ ഈ തീരുമാനം മാർ ഈവാനിയോസു തിരുമേനിയെ അറിയിച്ചു. "പുനരൈക്യപ്പെട്ടവാനുദ്ദേശിക്കുന്ന ഓരോ മേല്പട്ടക്കാരെയും നേരിട്ടുകണ്ടു് അവരുടെ അഭിപ്രായങ്ങൾ എന്തൊക്കെയാണെന്നു് അറിയിക്കണമെന്നും," ആ കത്തിൽ നിർദ്ദേശിച്ചിരുന്നു. മാർ ഈവാനിയോസു തിരുമേനി ഓരോരുത്തരെയും സമീപിച്ചു. അഭിപ്രായങ്ങൾതേടി.

1926-ൽ പുനരൈക്യാപേക്ഷ റോമിലേക്കയച്ചു. 1930-ൽ അനുവാദം ലഭിച്ചു. ഈ നാലുകൊല്ലംകൊ

ണ്ടു് ഇവിടെ പല പരിവർത്തനങ്ങളും സംഭവിച്ചിരുന്നു. കണ്ടനാട്ടു യൂവാക്കീം മാർ ഈവാനിയോസു തിരുമേനി കാലംചെയ്തു; വട്ടിപ്പണക്കേസ്സ് ഹൈക്കോടതിയിൽനിന്നും ഓർത്തഡോക്സു കക്ഷിക്ക് അനുകൂലമായി വിധിച്ചു. കത്തോലിക്കാ ബാവായായിരുന്ന വാകത്താനത്തു തിരുമേനി കാലംചെയ്തു. കണ്ടേ തിരുമേനി കാതോലിക്കാ ബാവായായി. പാമ്പാടിമെത്രാൻ മാർ ഗ്രിഗോറിയോസിനെയും, ബഥനി റമ്പാൻ മാർ തെയോഫിലോസും മെത്രാന്മാരായി വാഴിക്കപ്പെട്ടിരുന്നു. മാർ ഈവാനിയോസു (ബഥനി) മെത്രാപ്പോലീത്താ ആയി.

ഈ അവസ്ഥാന്തരങ്ങളിലാണ് റോമിൽനിന്നുള്ള അനുകൂല മറുപടി ലഭിച്ചതു്. മാർ ഈവാനിയോസു വിവരം ഏവരെയും അറിയിച്ചു.

"വട്ടിപ്പണക്കേസിൽ വിജയം ലഭിച്ചല്ലോ," എന്നു കാതോലിക്കാ ബാവായും, "സ്വതന്ത്രമാരുന്നെങ്കിൽ യാക്കോബായസഭയിലേക്കു ഞാനുള്ളു," എന്നു പാമ്പാടി തിരുമേനിയും; "ഈവാനിയോസു തിരുമേനിയോടുകൂടി ഞാനുണ്ടു്," എന്നു തെയോഫിലോസു തിരുമേനിയും മറുപടി പറഞ്ഞു.

"നാം കത്തോലിക്കാ സഭയിൽ പോയാൽ നമ്മുടെ പിറകേ വരുവാൻ ആരു കാണും? പരുമല സെമ്മിനാരിയും മററും എങ്ങനെ ഉപേക്ഷിക്കും?" എന്നിപ്രകാരമായിരുന്നു വട്ടശേരി തിരുമേനിയുടെ മറുപടി. ഈ മറുപടി മാർ ഈവാനിയോസ് തിരുമേനിയെ പ്രത്യേകവിധം വേദനിപ്പിച്ചുവെങ്കിൽ അതു സ്വാഭാവികവും സകാരണവും ആണല്ലോ!

"ചാകുമ്പോൾ പരുമല സെമ്മിനാരിയും മററും കൂടെ കൊണ്ടുപോകണം," എന്നു് അല്പം ഗൗരവഛായ കലന്ന മറുപടിക്കുശേഷം മാർ ഈവാനിയോസു തിരുമേനി പിൻവാങ്ങി.

ഇങ്ങനെ ഓരോരുത്തരുടെയും അഭിപ്രായം ഗ്രഹി

ച്ച മാർ ഈവാനിയോസു തിരുമേനി, "താനും തന്നോടൊരുമിച്ചു മാർ തേയോഫിലോസു തിരുമേനിയും പുനരൈക്യപ്പെടുവാൻ ആഗ്രഹിക്കുന്നതായും അതിനുവേണ്ടതു ചെയ്യണമെന്നപേക്ഷിക്കുന്നതായും" റോമിലേക്കെഴുതി.

## അദ്ധ്യായം 10.

### സമാധാനത്തിൻെറ ഐക്യത്തിൽ

മാർ ഈവാനിയോസു തിരുമേനിയുടെ പുനരൈക്യം.

1930- സെപ്റ്റംബർ 20-ാം നു- ശനിയാഴ്ച, കൊല്ലം രൂപതയുടെ അന്നത്തെ മെത്രാനായിരുന്ന പുണ്യശ്ലോകൻ ബൻസിഗർ തിരുമേനി, ചങ്ങനാശ്ശേരി മെത്രാൻ ജയിംസ് കാളാശ്ശേരി തിരുമേനി, ചാരുംമൂട്ട മുതലായ പ്രദേശങ്ങളിൽ പുത്തൻകുററു ക്രിസ്ത്യാനികളുടെയിടയിൽ ത്യാഗപൂർണ്ണം സേവനം ചെയ്തു അനേകം, യാക്കോബായ മാർത്തോമ്മായ ക്രിസ്ത്യാനികളേ കത്തോലിക്ക സഭയിലേക്കു പുനരൈക്യപ്പെടുത്തിക്കൊണ്ടിരുന്ന ദേഹവും, കോട്ടാർ രൂപതയുടെ പ്രഥമ മെത്രാനായി നിർദ്ദേശിച്ചിരുന്ന അളുമായ മോൺ. Dr. ലാറൻസു പെരേര, എന്നീ തിരുമേനിമാരുടെ സാന്നിദ്ധ്യത്തിൽ കൊല്ലം ഓലിക്കര മെത്രാസന കപ്പേളയിൽവച്ച് മാർ ഈവാനിയോസു തിരുമേനി, മാർ തേയോഫിലോസു തിരുമേനി, ഒരു പട്ടക്കാരൻ, ഒരാറാം പട്ടക്കാരൻ, ഒരൽമായക്കാരൻ എന്നിവർ പുനരൈക്യപ്പെട്ടു. വിനാവിളംബം പുലിക്കോട്ടു ജോസഫ് റമ്പാനും, ചേപ്പാട്ടു ഫീലിപ്പോസു റമ്പാനും, ബഥനി സന്യാസിനീ സന്യാസികളും തിരുസഭയിൽ ചേർന്നു.

മാർ സേവേറിയോസു തിരുമേനി, ക്നാനായ ഏക മേലദ്ധ്യക്ഷനായിരുന്ന മാർ തോമ്മാ ദീമസ് ക്കോറോസ്, എന്നീ തിരുമേനിമാരും, ശ്രീമാന്മാരായ റിട്ടയേർഡ് ജഡ്ജി മാരേട്ട് A. ഫീലിപ്പോസ് M. A. B. L; P. A

ഏബ്രഹാം B. A B. L; K. V. ചാക്കോ B.A. L. T. ബാരിസ്റ്റർ ജോർജ്ജ് ജോസഫ്, E. A. വർഗീസ് M. A. B. L; റാവുസാഹിബ്; P. K. വറുഗീസ് വട്ടശ്ശേരി; V. A. വറുഗീസ് B. A. L. T. ആദിയായി വിദ്യാസമ്പന്നരും, സാമുദായിക പ്രമുഖരുമായ പലരും പുനരൈക്യപ്പെട്ടു തിരുസഭയെ ആശ്ലേഷിച്ചു. പുനരൈക്യപ്രവാഹം തുടർന്നു കൊണ്ടേയിരിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹാ സ്ഥാപിച്ച സത്യസഭ കത്തോലിക്ക തിരുസഭയാണെന്ന് നിഷ്പക്ഷമതികളായ ബുദ്ധികൾക്കു സമ്മതിക്കാതെ തരമില്ല. "ഒരിടയനും, ഒരു തൊഴുത്തും, ഒരാട്ടിൻകൂട്ടവും," ആയിത്തീരണമെന്നാഗ്രഹിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നവർ എല്ലാ സഭാവിഭാഗങ്ങളിലും ഉണ്ട്. എന്നാൽ സത്യാന്വേഷണം ചെയ്യാതെ പലരും അലസമായ ഒരു യാന്ത്രിക ജീവിതം നയിക്കുകയാണു ചെയ്യുന്നത്. നമ്മുടെ ദിവ്യരക്ഷകനായ യേശുക്രിസ്തു സ്ഥാപിച്ച സഭ ഒന്നുമാത്രമേയുള്ളുവെങ്കിൽ, അതു കത്തോലിക്ക തിരുസഭമാത്രമാണെങ്കിൽ, ആ കത്തോലിക്ക തിരുസഭയുടെ മക്കളായി ജീവിക്കാൻ നമുക്കു തികച്ചും കടമയുണ്ട്. നാം വെളിച്ചം കണ്ടിട്ടും ഇരുട്ടിൽത്തന്നെ സഞ്ചരിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അതെത്ര ലജ്ജാവഹമാണ്! യേശുക്രിസ്തു കർത്താവാണെന്നു സമ്മതിച്ചേററു പറയുന്ന നാം അവിടുത്തെ ഇഷ്ടം അനുസരിച്ച് വർത്തിക്കുന്നില്ലെങ്കിൽ, എന്തായിരിക്കും ഫലം?

ഭൗതികമായ ചുററുപാടുകൾ, തിരുസഭയുടെ ഈ പ്രകാശത്തിലേക്കു വരുവാൻ പലർക്കും പ്രതിബന്ധമായിരിക്കാം. എന്നാൽ, ലോകം മുഴുവൻ നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു ഫലം?" എന്നുള്ള ചോദ്യചിഹ്നം നിങ്ങളുടെ മുൻപിൽ തെളിഞ്ഞു പ്രകാശിക്കുന്നതു കാണുന്നില്ലയോ? നശിച്ചുപോകുന്ന ലോകത്തിൻെറ കെട്ടുകൾ ആത്മരക്ഷയ്ക്കു പ്രതിബന്ധമാണെങ്കിൽ അവയെ പൊട്ടിച്ചു സ്വതന്ത്രരാകാൻ,– സത്യ

വെളിച്ചത്തിലൂടെ പുരോഗമിക്കാൻ,— അന്തഃകരണത്തിന്റെ പ്രേരണയെ അവഗണിക്കാതിരിക്കൂ!! ഇപ്പോൾ സുവർണ്ണകാലം!! യേശുക്രിസ്തു നമ്മുടെ ഇടയനും കത്തോലിക്കാ തിരുസഭ നമ്മുടെ തൊഴുത്തും,— നാമെല്ലാം ആ തൊഴുത്തിലെ ആടുകളും— ഹാ! ഒരിടയനും, ഒരു തൊഴുത്തും! ഒരാട്ടിൻകൂട്ടവും!! സഹോദരങ്ങൾ ഐകമത്യത്തോടുകൂടി ജീവിക്കുന്നതു കാണ്മാൻ പിതാവായ ദൈവം എത്രയധികം അഭിലഷിക്കുന്നു!

മാർ ഈവാനിയോസു തിരുമേനിയെ പരുമല സെമിനാരിയുടെ മനോഹാരിത പിറകോട്ടു പിടിച്ചുനിറുത്തിക്കളഞ്ഞില്ല! എല്ലാം ഉപേക്ഷിച്ചിട്ട് ഇറങ്ങി പുറപ്പെട്ടു. അന്തഃകരണത്തിന്റെ വിളികേട്ട്. സർവ്വേശ്വരന്റെ വിളികേട്ട് ഇറങ്ങി പുറപ്പെട്ട വിശ്വാസികളുടെ പിതാവായ അബ്രഹാമിനെപ്പോലെ! തമ്പുരാന്റെ വാഗ്ദാനങ്ങൾ ലംഘിക്കപ്പെട്ടില്ല! ഉപേക്ഷിച്ചതു ലൗകികമായി എത്ര ലഘുവായതു്! അദ്ദേഹത്തിനു് എത്ര ധാരാളമായി ഇപ്പോൾ ലഭിച്ചിരിക്കുന്നു! എല്ലാം ലോകോപകാരാർത്ഥം പ്രയോജനപ്പെടുന്നു. മറുവശംകൂടി ചിന്തിക്കുക. ആത്മികവും ലൗകികവും ആയി യാക്കോബായ സഭ എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്?

## അദ്ധ്യായം 11.

### എങ്ങോട്ടു്? എവിടെ എത്തണം?

സർവ്വശക്തനായ ദൈവം മനുഷ്യനായതെന്തിനു്? അവിടുന്നു പീഡകളും, കുരിശുമരണംവരെയും അനുഭവിച്ചതു് ഏതു ഫലപ്രാപ്തിക്കുവേണ്ടി ആയിരുന്നു? ആത്മാക്കളെ നേടുക. അതു മാത്രമായിരുന്നു അവിടുത്തെ ലക്ഷ്യം മനുഷ്യവംശത്തെ ത്രാണിക്കുക. അതിനായി അവിടുന്നു സകലതും സഹിച്ചു. അതിനപ്പുറം സഹിക്കാൻ ഒന്നും ഉണ്ടായിരുന്നില്ല. അവിടുന്നു കുരിശിൽ കിടന്നു

കൊണ്ടു 'ദാഹിക്കുന്നു' എന്നു പറഞ്ഞു. ആത്മാക്കളെക്കുറിച്ചുള്ള ദാഹം! എൻെറയും നിങ്ങളുടെയും ആത്മരക്ഷയ്ക്കുവേണ്ടിയല്ലായിരുന്നെങ്കിൽ അവിടുത്തെ കഷ്ടപ്പാടുകളെല്ലാം വെറുതെ ആയിപ്പോയി. രക്ഷകൻെറ ഉദ്ദേശം ഫലപ്രാപ്തിയിലെത്തിക്കാനുള്ള കടമ നമ്മിൽ സ്ഥിതിചെയ്യുന്നു. അവനവൻെറ ആത്മരക്ഷയും അതു വഴി മററുള്ളവരുടെ രക്ഷയും. തിരുസഭയുടെ സേവനം, ത്യാഗം, ശുശ്രൂഷാദികളെല്ലാം ലൗകികമായ യാതൊന്നിനുവേണ്ടിയുമല്ല. ദ്വീപദ്വീപാന്തരങ്ങളിലും, വ്യത്യസ്ഥമായ എല്ലാ ശീതോഷ്ണമേഖലകളിലും, മിഷ്യൻവേല (കത്തോലിക്ക പ്രവത്തനം) ചെയ്യുന്നവക്കു ലൗകികമായി ലഭിക്കുന്ന മേന്മ എന്താണ്? അവരുടെ ദൃഷ്ടികൾ ഉയരത്തിലേക്കാണ്. അവക്കു കൂലി അവിടെയാണ്. ജീവകാരുണ്യപരമായി തിരുസഭ വഹിക്കുന്ന സേവനങ്ങൾ,– ആശുപത്രാലയങ്ങൾ, അനാഥശാലകൾ, വയോവൃദ്ധമന്ദിരങ്ങൾ, വിദ്യാലയങ്ങൾ എന്നിവയുടെ എല്ലാം ലക്ഷ്യം ആത്മാക്കളെ നേടുക മാത്രമാണ്.

കത്തോലിക്കേതര ക്രിസ്ത്യാനികൾ, അവരവർ ഉൾപ്പെട്ടു നില്ക്കുന്ന സഭ നിത്യരക്ഷയ്ക്കു പര്യാപ്തമാണോ? യേശുക്രിസ്തു സ്ഥാപിച്ച സഭയിലോ തങ്ങൾ സ്ഥിതിചെയ്യുന്നതു? എന്നു ചിന്തിക്കാത്ത ചുമതലാക്കാരാണ്. സത്യത്തെ കണ്ടുപിടിക്കയും സത്യത്തെ ആലിംഗനം ചെയ്തു പുജിക്കയും ചെയ്യേണ്ടിയിരിക്കുന്നു.

ഒരു ദൈവം ഉണ്ട്. ദൈവം വെളിപ്പെടുത്തിയ ഒരു സഭയുണ്ട്. ആ സഭയ്ക്കു ദൈവത്താൽ അധികാരപ്പെടുത്തിയിട്ടുള്ള ഒരു പരമാധികാരിയുണ്ട്. ആ പരമാധികാരത്തിനു കീഴ്പ്പെട്ടു ജീവിക്കാൻ എല്ലാ മനുഷ്യക്കും ആവശ്യമുണ്ട്. ഭൗതികമായ ജീവിതം ഒരു കടന്നുപോകൽ മാത്രമാണ്. ലോകത്തിൽ കൂടിയുള്ള മനുഷ്യൻെറ ഈ യാത്ര സ്വഗ്ഗത്തെ ലക്ഷ്യമാക്കിമാത്രമാണ്. നാം യാത്രചെയ്യുന്ന വണ്ടി എവിടെയ്ക്കുള്ളതാണ്?– അതു നാം അറിഞ്ഞേ മതിയാകൂ! നമുക്കെവിടെയെങ്കിലും

ചെന്നു പററിയാൽ പോരാ. നമ്മുടെ ലക്ഷ്യം സ്വർഗ്ഗമാണെങ്കിൽ സ്വർഗ്ഗത്തിൽ നമ്മെ കൊണ്ടുചെന്നെത്തിക്കുന്ന വണ്ടിയിൽത്തന്നെ നാം യാത്രചെയ്യണം.

കത്തോലിക്കർ, “കത്തോലിക്കാ സഭയ്ക്കു പുറമേ രക്ഷയില്ല,” എന്നു പറയുമ്പോൾ കത്തോലിക്കേതര സഭകൾ, “ഏതു സഭയിലായാലും “നല്ലജീവിതം” കഴിക്കുന്നവർക്കു രക്ഷയുണ്ടെന്നു പറയുന്നു. നല്ല ജീവിതക്കാരന് അനുസരണം ആവശ്യമില്ലേ? ദൈവം സ്ഥാപിച്ച സഭ ഏതാണെന്ന് അറിഞ്ഞിട്ടും, ആ തിരുസഭയിൽ–ദൈവസ്ഥാപിതമായ സഭയിൽ ജീവിക്കാത്തവന്റെ ജീവിതം ‘നല്ലജീവിതം’ ആകുന്നതെങ്ങനെ? ‘നല്ലജീവിത’ക്കാരൻ കത്തോലിക്കാ സഭയിൽ ഉൾപ്പെട്ടിരിക്കണം. യേശുക്രിസ്തുവിന്റെ– നല്ല ഇടയന്റെ സ്വരംകേട്ട് ആ പിൻപേ ചെല്ലുന്നതത്രേ നല്ല ജീവിതം. ആ സ്വരം കേൾക്കുന്നവൻ യേശുക്രിസ്തു സ്ഥാപിച്ച സഭയിൽ കൂടിത്തന്നെ ജീവിതയാത്ര ചെയ്യും. ആ അനുസരണത്തിലല്ലാത്ത ‘നല്ലജീവിതം’ വെറും പൊള്ളത്തരമാണ്. “സഭയെ കേൾക്കാത്തവൻ നിനക്കന്യനും പരദേശിയുമായിരിക്കട്ടെ” എന്നു ദൈവവചനം പറയുന്നു. സഭ ദൈവസ്ഥാപിതമായിരിക്കണം. സഭ ക്രിസ്തുവിന്റെ മണവാട്ടി. നാം സഭയുടെ മക്കൾ. നാം സഭയുടെയും ദൈവത്തിന്റെയും കല്പനകളനുസരിച്ചു ജീവിച്ചേ മതിയാവൂ. അല്ലാത്ത ‘നല്ലജീവിതം’ എന്താണ്? ബുദ്ധിയും വിവേചനാശീലവും, സ്വാതന്ത്ര്യവും ദൈവം തന്നിട്ടുണ്ട്. ആ ശക്തി വിശേഷതകളുപയോഗിച്ച് ദൈവസ്ഥാപിതമായ സഭയെ കണ്ടെത്തി ആ സഭയിൽക്കൂടി നമുക്കേവർക്കും സ്വർഗ്ഗത്തിലെത്തുവാനും, ആത്മരക്ഷകനായ യേശുക്രിസ്തുവിനോടും, അവിടത്തെ പരിശുദ്ധ മാതാവായ കന്യകാമറിയത്തോടും, മററെല്ലാ ശുദ്ധമാക്കപ്പെട്ടവരോടുംകൂടി നിത്യമായ ആനന്ദം ആസ്വദിക്കാനും സംഗതിയാകട്ടെ! പരമകാരുണികന്റെ പ്രത്യേകാനുഗ്രഹത്തിനു വേണ്ടി നമുക്കു പ്രാർത്ഥിക്കാം!

ശുഭം.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. M200 Acc. No. 14098

This book should be returned on or before the date last stamped below.

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. നാടകം DAS-S Acc. No. 14098

This book should be returned on or before the date last stamped below.

19 MAR 2012

If the book is not returned on due date
a fine of 25 Ps. per day will be charged

M200 14098
DAS-S

ദാസ്. പി. ജി. എം

സഭയും സഭകളും

KOTTAYAM PUBLIC LIBRARY
ന200
Call No. DAS-S Acc. No. 14098
Author ദാസ്. പി. ജി. എം
Title സഭയും സഭകളും